മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 3 No. 5 | THE ONLINE OFFICIAL NEWS BULLETTIN | 2020 February 1

SEASON OF EPIPHANY | ദനഹകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
2 ♪3 ✝ Maelto dmoran Ihayklo (Entrance of our Lord into the Temple) Comme. of St. Simon and Hanna. 52nd Mem. of Pathros Mar Osthathios (Kandanad Carmel Dayara)	3 ♪2 Nineveh Fast Begins Comme. of Mar Bar Souma & Mar Kauma Comme. of All Spiritual Father NINEVEH FAST	4 ♪6 (THREE-DAY FAST)	5 ♪2 Comme. of Prophet Jonah SAWMO DNINWE	6 ♪6 ✝ Nineveh Feast Comme. of Prophet Jonah Comme. of Patriarch St. Severios of Antioch	7 ♪2	8 ♪6 Comme. of Mar Abo (Mathamariyam Church, Thevalakkara)

പ്രശസ്ത ഗായിക കെ. എസ്. ചിത്ര പരിശുദ്ധ കാതോലിക്ക ബാവായെ പരുമല ആശുപത്രിയിൽ സന്ദർശിച്ചപ്പോൾ.

മൂല്യങ്ങൾ നഷ്ടപ്പെടുന്ന കാലഘട്ടത്തിൽ ദൈവവചനം പ്രാവർത്തികമാക്കണമെന്ന് പ. കാതോലിക്കാ ബാവാ

കുന്നംകുളം: മലങ്കര മെഡിക്കൽ മിഷൻ ഗ്രൗണ്ടിൽ നടക്കുന്ന ഭദ്രാസന ഓർത്തഡോക്സ് കൺവെൻഷൻ പരിശുദ്ധ കാതോലിക്കാ ബാവാ വീഡിയോ കോൺഫറസിങ്ങിലൂടെ ഉത്ഘാടനം ചെയ്തു. മൂല്യങ്ങൾ നഷ്ടപ്പെടുന്ന കാലഘട്ടത്തിൽ ദൈവവചനം പ്രാവർത്തികമാക്കണമെന്ന് പ. കാതോലിക്കാ ബാവാ തന്റെ സന്ദേശത്തിൽ പറഞ്ഞു.

ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് കൺവൻഷൻ ഗ്രൗണ്ടിൽ കാതോലിക്കേറ്റ് പതാക ഉയർത്തി. കുന്നംകുളം ഭദ്രാസന യുവജന പ്രസ്ഥാനം നടത്തുന്ന പുസ്തകസ്റ്റാൾ അദ്ദേഹം ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന കൺവൻഷനിൽ 101 അംഗ ഗായക സംഘം ഗാനശുശ്രൂഷ നിർവഹിച്ചു. പ്രോഗ്രാം കമ്മറ്റി ചെയർമാൻ ഫാ. ജോൺ ഐസക് സ്വാഗതം ആശംസിച്ചു.. ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് തിരുമേനി അനുഗ്രഹ സന്ദേശം നൽകി. തിരുവചന ശുശ്രൂഷ ഫാ. ഡോ. സജി അമയിൽ നിർവ്വഹിച്ചു. കൺവൻഷൻ പ്രോഗ്രാം കൺവീനർ സി കെ ബാബു നന്ദി അറിയിച്ചു. സ്നേഹവിരുന്നും ഉണ്ടായിരുന്നു.

കെ. എസ്. ചിത്ര പരുമല തിരുമേനിയുടെ കബറിടത്തിൽ

ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ നടന്ന സംയുക്ത ഓർമ്മ പെരുന്നാളിൽ ഡോ. തോമസ് മാർ അത്താനിയോസ് ശ്ലൈഹിക വാഴ്വ് നൽകുന്നു. യൂഹാനോൻ മാർ പോളിക്കാർപ്പോസ്, അഡ്വ. തോമസ് പോൾ റമ്പാൻ തുടങ്ങിയവർ സമീപം.

ഓർത്തഡോക്സ് സഭയ്ക്ക് പള്ളികൾ പിടിച്ചുകൊടുക്കുന്നുവെന്ന പ്രസ്താവന നിർഭാഗ്യകരം: മാർ സേവേറിയോസ്

കോട്ടയം: കീഴ്ക്കോടതികൾ ഓർത്തഡോക്സ് സഭയ്ക്ക് പള്ളികൾ പിടിച്ചു കൊടുക്കുന്നു എന്ന പ്രസ്താവന നിർഭാഗ്യകരമാണെന്ന് ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ. ഓർത്തഡോക്സ് സഭ പള്ളികൾ ബലമായി പിടിച്ചെടുക്കുകയോ വിശ്വാസികളെ പുറത്താക്കുകയോ മൃതദേഹങ്ങൾ അടക്കുവാൻ സമ്മതിക്കാതിരിക്കുകയോ ചെയ്യുന്നില്ല. സുപ്രീം കോടതിയുടെ ഉത്തരവിന് അനുസൃതമായി കീഴ്ക്കോടതികൾ പുറപ്പെടുവിക്കുന്ന വിധികൾക്ക് സാധുതയില്ലെന്നു പ്രഖ്യാപിക്കുന്ന പാത്രിയർക്കീസ് വിഭാഗത്തിന്റെ നിലപാട് അപലപനീയമാണ്.

ജഡ്ജിമാരെ നിയമം പഠിപ്പിക്കുന്ന വിധത്തിലുള്ള പ്രസ്താവനകളാണ് പാത്രിയർക്കീസ് വിഭാഗം നടത്തുന്നത്. സുപ്രീം കോടതി വിധിക്ക് അനുസരണമായി കീഴ്ക്കോടതികളും വിധികൾ പുറപ്പെടുവിക്കുമ്പോൾ അത് അനുസരിക്കുകയില്ല എന്ന ശാഠ്യം ജനാധിപത്യ രാജ്യത്തിന് യോജിച്ചതല്ല. നിയമവ്യവസ്ഥയെ അംഗീകരിക്കാത്ത പൗരന്മാർ വസിക്കുന്ന രാജ്യം അധഃപതിച്ചു പോകും. കേസുകൾ പരമാവധി നീട്ടി വയ്ക്കുവാൻ പാത്രിയർക്കീസ് വിഭാഗം നിരന്തരം ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. എന്നാൽ ഈ ലക്ഷ്യം സാധിക്കാതെ വരുമ്പോൾ കോടതികളെയും ജഡ്ജിമാരെയും കുറ്റപ്പെടുത്തുന്ന സ്വഭാവം ജനാധിപത്യ രാജ്യത്തിന് ഭൂഷണമല്ല.

ഓർത്തഡോക്സ് സഭ വിധികൾ നടപ്പാക്കാൻ അനാവശ്യ തിടുക്കം ഇതുവരെയും കാണിച്ചിട്ടില്ല. കോതമംഗലം പള്ളിക്കേസ് യഥാർത്ഥത്തിൽ 1995-ൽ സുപ്രീംകോടതി തീർപ്പാക്കിയതാണ്. എന്നാൽ പല കാരണങ്ങളാൽ ഇതുവരെയും നീണ്ടുപോവുകയായിരുന്നു. 2017-ൽ വീണ്ടും സുപ്രീംകോടതി വിധി ഉണ്ടായപ്പോൾ അതിന് അനുസൃതമായി കീഴ്ക്കോടതികൾ നൽകിയ വിധികളെ നടപ്പാക്കാൻ മാത്രമാണ് ഓർത്തഡോക്സ് സഭ ശ്രമിക്കുന്നത്. അതിനെ പള്ളി പിടുത്തം എന്ന് വിശേഷിപ്പിക്കുന്നത് ദുഃഖകരമാണെന്നും മാർ സേവേറിയോസ് പറഞ്ഞു.

ആരാധനാ കലണ്ടർ

"ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും ചാർച്ചക്കാരുടെ ഇടയിലും സ്വന്ത ഭവനത്തിലുമല്ലാതെ ബഹുമാനമില്ലാത്തവൻ അല്ല"



ഡോ. ഗീവർഗീസ് മാർ യൂലിയോസ്

ഗുരു-ശിഷ്യ ബന്ധത്തിന്റെ മറ്റൊരു ഭാവമാണ് ദനഹാ പെരുന്നാളിനു ശേഷമുള്ള നാലാം ഞായറാഴ്ചയിൽ പിതാക്കന്മാർ അവതരിപ്പിക്കുന്നത്. പിതൃനഗരവും ചാർച്ചക്കാരും സ്വന്ത ഭവനവും പ്രവാചകന്മാരെയും ഗുരുക്കന്മാരെയും തിരിച്ചറിയുവാൻ വിമുഖത കാണിക്കുമെന്ന യാഥാർത്ഥ്യം ക്രിസ്തു കഫർന്നഹൂമിൽ വച്ച് പറയുന്നതാണ് പ്രധാന ചിന്ത.

യാഗം, ദഹനം, അഗ്നിശോധനയിലൂടെയുള്ള വീണ്ടെടുപ്പ് തുടങ്ങിയ കാര്യങ്ങളാണ് ആദ്യ പഴയനിയമ വായനയിൽ കാണുന്നത്. "നിന്റെ ദൈവമായ യഹോവ നിനക്കു എന്നപോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽ നിന്നും എഴുന്നേല്പിക്കു"മെന്ന് ആവർത്തന പുസ്തകം മുൻകൂട്ടി പറയുന്നു (18.9-16). യിശ്ശായിയുടെ ഏഴു മക്കളെയും മാറ്റിനിർത്തി എട്ടാമനായ ദാവീദിനെ കണ്ടെത്തി അവനെ അഭിഷേകം ചെയ്ത് യിസ്രായേലിന്റെ രക്ഷയ്ക്കായി അവനെ ഉയർത്തുന്ന സംഭവമാണ് രണ്ടാം വായന (1 ശമുവേൽ 16.1-13). ആത്മവിശുദ്ധിയെ കണ്ടെത്തി അവിടെ നിന്നും തെരഞ്ഞെടുത്ത് അഭിഷേകം ചെയ്യപ്പെടുന്ന വ്യക്തിത്വങ്ങൾ ക്രിസ്തുവിന്റെ പാത നിരപ്പാക്കുന്നവരാണ് എന്ന് സാരം.

ശൗലിന്റെ തെരഞ്ഞെടുപ്പാണ് പൊതുലേഖന ഭാഗം. ശിഷ്യന്മാരുടെ തെരഞ്ഞെടുപ്പിൽ ജാതികളുടെ അപ്പോസ്തോലൻ എന്ന് അറിയപ്പെട്ട വി. പൗലോസ് ശ്ലീഹായുടെ സ്ഥാനം അന്യൂനമാണെന്ന് ഈ വേദഭാഗം നമ്മെ പഠിപ്പിക്കുന്നു. അന്ധവിശ്വാസങ്ങളുടെയും അർത്ഥഭ്രംശം സംഭവിച്ച ന്യായപ്രമാണ ആചരണങ്ങളുടെയും അതിൽ നിന്നും ഉളവാകുന്ന മതഭ്രാന്തിന്റെയും അടിമത്വത്തിലായിരുന്ന ശൗലിന് സത്യത്തെ തിരിച്ചറിയുവാൻ ക്രിസ്തുവിന്റെ ആത്മാവ് അനന്യാസിനെ നിയോഗിക്കുന്നു. മതാന്ധതയായ തിമിരം അവന്റെ കണ്ണിൽ നിന്നും അടർന്നു മാറുമ്പോൾ അവൻ യഥാർത്ഥ ക്രിസ്തുശിഷ്യനായി തീരുന്നു (അപ്പോ. പ്രവ. 9.10-21). തന്നെയും തന്റെ സഭയെയും ഉപദ്രവിക്കുന്ന ശൗലിലെ വൈരാഗ്യഭാവത്തെ തിരിച്ചറിഞ്ഞ കർത്താവ് അവനെ പിടിച്ച് രൂപാന്തരപ്പെടുത്തി തന്റെ ശിഷ്യത്വത്തിലേയ്ക്ക് ഉപനയിക്കുകയായിരുന്നുവെന്ന് സാരം.

തന്റെ അനുഭവത്തിൽ നിന്നും സുവിശേഷമർമ്മങ്ങളെ കൊരിന്ത്യർക്ക് വിവരിച്ചു കൊടുക്കുന്ന വി. പൗലോസ് ശ്ലീഹായെയാണ് രണ്ടാം ലേഖന വായനയിൽ കാണുന്നത്. ദൈവകരുണയിൽ നിന്നുമാണ് താൻ ക്രിസ്തുശുശ്രൂഷകൻ എന്ന പദവിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടതെന്നും സുവിശേഷം മറഞ്ഞിരിക്കുന്ന അവസ്ഥ നാശത്തിന്റേതാണെന്നും ലോകം മുഴുവൻ സുവിശേഷ വെളിച്ചം വ്യാപരിക്കണമെന്നും അതിനുള്ള ശുശ്രൂഷയിൽ എത്ര ഉപദ്രവം സംഭവിച്ചാലും അതിൽ നാം തളരരുതെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു. ക്രിസ്തുവിന്റെ മുഖത്തു നിന്നുമുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനമാണ് ഒരു ക്രിസ്ത്യാനിയുടെ മൂലധനം എന്നും അദ്ദേഹം കൊരിന്ത്യരിലൂടെ നമ്മെയും പഠിപ്പിക്കുന്നു (1 കൊരിന്ത്യർ 4.1-6).

യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരും ക്രിസ്തുശിഷ്യന്മാരായി തീരുന്ന സംഭവമാണ് സന്ധ്യയുടെ ഏവൻഗേലിയോൻ ഭാഗം (ലൂക്കോസ് 7.18-35). നിങ്ങൾ എന്ത് കാണ്മാൻ മരുഭൂമിയിൽ പോയി എന്ന ചോദ്യം സ്വയം ചോദിച്ചുകൊണ്ട് ഉത്തരമായി യോഹന്നാനെ കുറിച്ച് ക്രിസ്തു സംസാരിക്കുന്നത് ശ്രദ്ധിക്കേണ്ടതാണ്. ഉത്തമ ഗുണഗണങ്ങളോടു കൂടിയ ഉയർന്ന വ്യക്തിത്വത്തിന്റെ ഉടമയായ യോഹന്നാൻ എല്ലാ പുരുഷാർത്ഥ സ്വഭാവങ്ങളുമുള്ള മാതൃകാ പുരുഷനാണെന്നും അനുകരണയോഗ്യനാണെന്നും ക്രിസ്തു കല്പിക്കുന്നു.

ന്യായപ്രമാണത്തിലെ മുഖ്യകല്പന ഏത് എന്ന തർക്കശാസ്ത്രവിധി പ്രകാരം ക്രിസ്തുവിനോടു ചോദിക്കുന്ന ഒരു ന്യായശാസ്ത്രിയാണ് പ്രഭാത വായനയിലെ പ്രധാന കഥാപാത്രം. പത്തു കല്പനകളെ രണ്ടു പ്രധാന കല്പനകളാക്കി കർത്താവ് അദ്ദേഹത്തിന് പറഞ്ഞു കൊടുക്കുന്നു: 1. ദൈവസ്നേഹം. 2. സഹോദരസ്നേഹം. ഈ മൂലമന്ത്രം മനസ്സിലാക്കിയ ശാസ്ത്രി കർത്താവിന്റെ കല്പന ഉൾക്കൊണ്ടുകൊണ്ട് നൽകുന്ന മറുപടി വി. മർക്കോസ് ഉദ്ധരിച്ചിരിക്കുന്നു: "ഗുരോ, നീ പറഞ്ഞത് സത്യം തന്നെ; ദൈവം ഏകനേയുള്ളു; അവനല്ലാതെ മറ്റൊരുത്തനുമില്ല. അവനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും സ്നേഹിക്കുന്നതും തന്നെപ്പോലെ തന്റെ കൂട്ടുകാരനെ (സഹോദരനെ, അയൽക്കാരനെ) സ്നേഹിക്കുന്നതും സകല സർവ്വാംഗ ഹോമങ്ങളെക്കാളും യാഗങ്ങളേക്കാളും സാരമേറിയതു തന്നെ." ക്രിസ്തുസുവിശേഷത്തിന്റെ കാതലാണ് ശാസ്ത്രി ഉദ്ധരിച്ച ഈ വാക്യങ്ങൾ. ഇവിടെ ഒരു ന്യായശാസ്ത്രി യഥാർത്ഥ ക്രിസ്തുശിഷ്യനായി തീരുന്നു. അഥവാ ഈ തത്വം പാലിക്കുന്നവർക്ക് അവന്റെ ശിഷ്യത്വത്തിലേയ്ക്ക് എന്നും പ്രവേശനം ഉണ്ട്.

അങ്ങിനെ യവനചിന്താമണ്ഡലങ്ങളെ തൊട്ടറിഞ്ഞ പൗലോസ് ആയിത്തീർന്ന ശൗലും ന്യായപ്രമാണശാസ്ത്രിയും സന്യാസ ശിഷ്യന്മാരായ യോഹന്നാന്റെ ശിഷ്യന്മാരുമൊക്കെ ക്രിസ്തുവിൽ വിശ്വസിക്കുമ്പോഴും തന്റെ സ്വന്ത പട്ടണവും ചാർച്ചക്കാരും ഭവനവും സുവിശേഷത്തോട് പുറംതിരിഞ്ഞു നില്ക്കുന്നതിലുള്ള വ്യഥയാണ് വി. കുർബാനയിലെ ഏവൻഗേലിയോനിൽ (വി. മർക്കോസ് 6.1-16) നാം വായിച്ചു കേൾക്കുന്നത്. സ്വന്തം പട്ടണക്കാർ അവനെ അവമതിക്കുന്നു; ഒരിക്കൽ തനിക്ക് പ്രാണഹാനി വരുത്തുവാൻപോലും അവർ ശ്രമിക്കുന്നുണ്ട്. അവരുടെ അവിശ്വാസം നിമിത്തം അവിടെ കാര്യമായി പ്രവർത്തിക്കുവാൻ അവന് കഴിഞ്ഞില്ല എന്ന സുവിശേഷകന്റെ സാക്ഷ്യം നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. സൃഷ്ടിയുടെ വിശ്വാസരാഹിത്യം സ്രഷ്ടാവിന്റെ സൃഷ്ടികർമ്മത്തിന് വിഘാതം ഏല്പിക്കുമെന്ന് സാരം.

Church Teachers

Mar Abo: Healer and Peace Maker

Fr. Dr. K. M. George

The ancient St. Mary's Orthodox Church of Thevalakara is blessed by having the earthly remains and the spiritual presence of Mar Abo, the reputed popular saint from the Middle East. Many people over the centuries have witnessed to the healing and various other blessing they received through the intercessory prayers of this saintly bishop.

Historically speaking we have no great details about the background of Mar Abo. He is certainly one of those ascetic figures who travelled to India from West Asia in the distant past for reasons of pilgrimage and pastoral care for the Christian people in India.

There were several reasons for their travel:

During the early centuries of Christianity, it was known in Christian circles in West Asia and the Roman empire that St. Thomas the Apostle was martyred in India and that he had eastablished a Church there. Therefore, many pilgrims wanted to come to India to the tomb of the Apostle Thomas. Some of the saintly bishops, priests and merchants who came from places like persia, palestine, Egypt and Armenia came partly as pilgrims.

Another reason for their travel was the ancient apostolic Church in India. During the great missionary expansion of the Persian Church from Mesopotamia (present region of Iraq) to many Asian countries including India and China from about the 7th to the 14th centuries or so, there was active spiritual and cultural partnership between the Indian Church and the Persian Church. Indian Christians were always very hospitable and received with great love the visitors from the Persian empire.

Still another reason for the visit of Christians from the persian empire was the sporadic persecution of Christians by the imperial rulers. On such occasions Christians could emigrate to India in big groups, as happened in the 4th century, or as individuals joining the traders to Malabar port cities like Kodungalloor or Kollam. Indian Christians enjoyed freedom and favours from their local rulers. This was attractive to foreign visitors living under persecution in their own countries.

Mar Abo is a fine example of spiritual persons who came to our church in India without any desire for material gains or for wielding authority over the churches here. He was in the order of those good shepherds who renounced worldly desires and undertook perilous journeys for the sake of the people of God. Our people loved them and were always very grateful for their teachings and the example of their lives. These saintly visitors too respected our people and never abused our hospitality to gain power or money.

The present trouble in Malankara between the Indian Church and the Syrian Church started precisely on this point. Since the latter half of the 17th century we have received Syrian bishops with geat warmth, respect and love, as we had received saintly bishops like Mar Abo in previous centuries. It went well for some time.

But from the 19th century onwards, some of the greedy and power loving Patriarchs and bishops from the Antiochian Syrian church began to abuse the hospitality and devotion of our people. They began to make preposterous claims on this ancient church of St. Thomas. They meddled with our freedom and autonomy which we had always enjoyed as the Apostolic church of India. They began to act like the Portuguese Roman Catholic colonisers wielding authority over us and dividing our one church in the process. Unfortunately a group from our own church began to support the wrong and unchristian patrirarchal claims over our mother church in India. Hence our scandalous quarrels and litigation. Otherwise we could have maintained a very fruitful and mutually respecting relationship between our ancient, apostlolic mother church in India and the ancient church of Antioch.



As we lovingly remember a saint like Mar Abo and request his precious intercessory prayers to Christ our Lord, we should pray for the healing of our church. Mar Abo is a great healer as he has received special grace for healing from Christ his master. We should continually strive for peace and reconciliation in our mother church, We should never pay heed to those who, however learned and influential, foment division in the one Church of Christ.

May the prayers of Saint Mar Abo bring healing and peace in our individual lives as well as in the life of our church and country. ❑

ലേഖനം

അല്പത്തിൽ വിശ്വസ്തൻ അധികത്തിലും വിശ്വസ്തൻ

പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ

അധഃകൃതോന്നമനമാണോ, സുവിശേഷതല്പരതയാണോ സ്ലീബാദാസ സമൂഹം ഉണ്ടാക്കുന്നതിനു പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയെ പ്രേരിപ്പിച്ചതെന്നു സംശയിച്ചുപോകുന്നു. തീണ്ടലും തൊടീലും, സവർണ്ണാവർണ്ണ ഭേദങ്ങളും ചെറുപ്പം മുതൽ തിരുമേനിയെ അലട്ടിയിരുന്ന പ്രശ്നങ്ങളാണ്. റോഡുകളും പള്ളിക്കൂടങ്ങളും അധഃകൃതർക്കായി തുറന്നുകൊടുക്കുന്നതിനു കൊച്ചി ഗവർമ്മെന്റിന്റെ അധഃകൃതോന്നമന സ്പെഷൽ ഓഫീസറായി പത്രോസ് ശെമ്മാശൻ ചെയ്ത പ്രവർത്തനവും, വൈക്കം സത്യഗ്രഹത്തിൽ വഹിച്ച പങ്കും, അധഃകൃതരുടെ പരിപൂർണ്ണമായ ഉന്നമനത്തിനു ക്രിസ്തുമതം മാത്രമാണ് ഏറ്റവും ഉതകുന്ന മാർഗ്ഗമെന്നു ചിന്തിച്ചുറയ്ക്കുന്നതിനും അദ്ദേഹത്തിനു അവസരം നല്കിയെന്നു വിചാരിക്കാവുന്നതാണ്.

1924 ഏപ്രിൽ 30-ലെ മദ്രാസിലെ 'സ്വരാജ്' പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന "Rev. Peter's Message" ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. വൈക്കം സത്യഗ്രഹത്തിനുശേഷം എഴുതിയ ആ ലേഖനത്തിൽ ഇപ്രകാരം അദ്ദേഹം പറയുന്നു. "If the ancient Syrian Christian community of kerala had been Sufficiently faithful to the freedom giving gospel of Christ, they would have done wonders"

സ്ലീബാദാസസമൂഹം 1924 കന്നി (സെപ്തംബർ)14-ാം തീയതി സ്ലീബാപെരുന്നാൾ ദിവസം സ്ഥാപിതമായി. പക്ഷേ അതിനു മുമ്പുതന്നെ തിരുമേനി ഒരു ശെമ്മാശ്ശനായിരുന്നു. വിദ്യാർത്ഥി കോൺഫ്രൻസ് ഇക്കാര്യത്തിൽ അദ്ദേഹത്തിനു വഴി തെളിച്ചുകൊടുത്തു. 1908-ൽ നടന്ന കോൺഫ്രൻസിൽ ഫാദർ ഹോംസിന്റെ ദൈവവിളിയെപ്പറ്റിയുള്ള പ്രസംഗം അദ്ദേഹത്തെ മിശിഹായുടെ പുരോഹിതനാക്കിതീർത്തു എന്നും യേശുവിന്റെ കുരിശിന്മേലുള്ള കഷ്ടപ്പാട് ഫാ:ഹോംസ് വർണ്ണിച്ചപ്പോൾ തന്റെ കണ്ണുകളിൽ നിന്നു കണ്ണുനീർ ഒഴുകി എന്നും അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ട്. വിദ്യാർത്ഥി കോൺഫ്രൻസിനോടുള്ള ഈ കടപ്പാട് അദ്ദേഹം ജീവപര്യന്തം പുലർത്തിയിരുന്നു.

വൈദികപദവിയുടെ ആദ്യപടിയിലേക്ക് തിരുമേനി അപ്രകാരം ഉയർത്തപ്പെട്ടിരുന്നെങ്കിലും, ഒരു മിഷനറിയായി പ്രവർത്തിക്കുന്നതിനുള്ള ആഹ്വാനം, ചെറുപ്പം മുതലേ അദ്ദേഹത്തിൽ അങ്കുരിച്ചു വളർന്നതായ അധഃകൃതോന്നമന പ്രവർത്തന താത്പര്യത്തിൽ നിന്നുയർന്നതായിരുന്നു എന്നുവേണം വിചാരിക്കുവാൻ. 1926 മേയ്മാസം 4-നു അദ്ദേഹം കശ്ശീശായും 1953 മേയ് മാസം 15-ാം തീയതി മെത്രാനുമായിത്തീർന്നു.

തിരുമേനിയുടെ മിഷനറി പ്രവർത്തനം ഒരു പ്രത്യേകരീതിയിലായിരുന്നു. വഴിക്കവലകളിൽ നിന്നുകൊണ്ടുള്ള വെളിമ്പ്രദേശപ്രസംഗങ്ങളെക്കാൾ കുടിൽ സന്ദർശിച്ചുള്ള പ്രവർത്തനമാണ് തിരുമേനി കൂടുതൽ ഇഷ്ടപ്പെട്ടിരുന്നത്. ചിത്രച്ചുരുളുകളും റാന്തൽ വിളക്കും ചേങ്ങലയും, പുതിയനിയമവും കൈത്താളവുമായി കുടിലുകൾ സന്ദർശിച്ച്, പുട്ടിലിൽ ഇരുന്നുകൊണ്ട് യേശുവിനെപ്പറ്റി പറയുകയും, പാടുകയും, മദ്യപാനം നിർത്തണമെന്നും കുട്ടികളെ പള്ളിക്കൂടത്തിൽ വിടണമെന്നും, വീടും പരിസരങ്ങളും ശുചിയായി സൂക്ഷിക്കണമെന്നും ഗുണദോഷിക്കുകയും പ്രാർത്ഥന പഠിപ്പിക്കുകയും, മാമോദീസാ മുക്കുകയും ആയിരുന്നു തിരുമേനിയുടെ മിഷൻ പരിപാടി.

കോടിവസ്ത്രക്കെട്ടുമെടുത്ത് ആണ്ടിലൊരിക്കൽ വേലസ്ഥലങ്ങൾ സന്ദർശിച്ച് ഹരിജനങ്ങളെ ആത്മീയത്തിലുറപ്പിക്കുകയും അനാഥരെയും വിധവമാരെയും കുരുടൻമാരെയും ചെകിടൻമാരെയും ഉടുപ്പിക്കുകയും ചെയ്യുന്നതുപോലെ സന്തോഷകരമായ മറ്റൊരു കാര്യവും തിരുമേനിക്കില്ലായിരുന്നു. ഹരിജന ക്രിസ്ത്യാനികളെ അദ്ദേഹത്തിന്റെ "സന്തോഷവും കിരീടവു"മായി അദ്ദേഹം പരിഗണിച്ചിരുന്നു.



ഓർമ്മ ഫെബ്രുവരി 2-ന്
കണ്ടനാട് കർമ്മേൽ ദയറായിൽ

വാർഷികയോഗത്തിനോടനുബന്ധിച്ചു വാദ്യമേളങ്ങളോടുകൂടി പട്ടണം ചുറ്റി "സ്തുതിപ്പിൻ സ്തുതിപ്പിൻ യേശുദേവനെ" എന്ന പാട്ടും ചൊല്ലി നടത്താറുള്ള ഘോഷയാത്രാവേളയിൽ തിരുമേനി പ്രദർശിപ്പിക്കുന്ന ആത്മവീര്യവും ചുറുചുറുക്കും ഒന്നു പ്രത്യേകമാണ്. തിരുമേനി ഒരു പാട്ടുകാരനായിരുന്നില്ല. എങ്കിലും 'നല്ല ദേവനേ, ഞങ്ങളെല്ലാവരേയും' തുടങ്ങിയ കീർത്തനങ്ങൾ ഭംഗിയായി ചൊല്ലുന്നതിനു തിരുമേനിക്കു കഴിയുമായിരുന്നു. താളം തെറ്റാതെ തദവസരത്തിൽ കൈത്താളം അടിക്കുവാനും തിരുമേനിക്കു വശമായിരുന്നു.

അധഃകൃതർക്കു യോജിച്ചതായിരുന്നു തിരുമേനിയുടെ മിഷൻ പ്രവർത്തനരീതി. അവരുടെ കുടിലുകളിൽ അവരോടുകൂടി ഇരുന്ന് അവരുടെ സൽക്കാരങ്ങൾ സ്വീകരിച്ചുകൊണ്ട് നാട്ടുകാര്യങ്ങളും വീട്ടുകാര്യങ്ങളും ദൈവകാര്യങ്ങളും സംഭാഷിക്കുന്നത് തിരുമേനിക്കും അവർക്കും ഒരുപോലെ പ്രിയങ്കരമായിരുന്നു. ദീർഘനാളത്തേക്കു നടത്തിയ ഈ പരിപാടി തിരുമേനിയെ അവരുടെ നിലയിലേക്കു താഴ്ത്തിയില്ലേ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. അവരുടെ രീതിയിൽ തന്നെ അവരോടു സംഭാഷിക്കുന്നതിനു തിരുമേനിക്കു വശമായിരുന്നു. താണ ജീവിതരീതിയും, വസ്ത്രധാരണവും ഭക്ഷണവുമെല്ലാം തിരുമേനിക്കു

പ്രയാസമില്ലായിരുന്നു. ഭാണ്ഡക്കെട്ടും, ചേങ്ങലയും, വേദപുസ്തകവും, റാന്തൽവിളക്കും എടുത്തുകൊണ്ട് ഏതു തെരുവിൽ കൂടിയും നടക്കുന്നതിന് അദ്ദേഹത്തിന് യാതൊരു വൈമനസ്യവുമില്ലായിരുന്നു. സ്ലീബാദാസന്മാർ ഉണ്മാനും, ഉടുപ്പാനും ലഭിക്കുന്നതുകൊണ്ട് തൃപ്തിപ്പെട്ട്, ശമ്പളമില്ലാതെ വേല ചെയ്യുന്നവർ ആയിരിക്കണം. ഭക്ഷണച്ചെലവ് അതാതു പള്ളികളിൽ നിന്നോ, പിടിയരി പിരിച്ചോ ആയിരിക്കണമെന്നുമാണ് അദ്ദേഹത്തിന്റെ ആദർശം. വേലക്കാരൻ തന്റെ ആഹാരത്തിനു യോഗ്യനാകുന്നുവെന്നുള്ള കർത്തൃവചനം സാർത്ഥകമാക്കി തിരുമേനി ജീവിച്ചു. "സൗജന്യമായി നിങ്ങൾക്കു ലഭിച്ചു; സൗജന്യമായി കൊടുപ്പീൻ. മടിശ്ശീലയിൽ പൊന്നും, വെള്ളിയും, ചെമ്പും, വഴിക്കു പൊക്കണവും, രണ്ടുടുപ്പും, ചെരിപ്പും, വടിയും കരുതരുത്. വേലക്കാരൻ തന്റെ ആഹാരത്തിനു യോഗ്യനല്ലോ. ഏതു പട്ടണത്തിലോ, ഗ്രാമത്തിലോ കടക്കുമ്പോൾ അവിടെ യോഗ്യൻ ആർ എന്നു അന്വേഷിപ്പിൻ; പുറപ്പെട്ടുപോകുവോളം അവിടെത്തന്നെ പാർപ്പിൻ-ആ വീട്ടിൽ ചെല്ലുമ്പോൾ അതിനു വന്ദനം പറവിൻ. വീട്ടിനു യോഗ്യതയുണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അതിന്മേൽ വരട്ടെ. യോഗ്യത ഇല്ലെന്നു വരികിൽ സമാധാനം നിങ്ങളിലേക്കു മടങ്ങിപ്പോരട്ടെ. ആരെങ്കിലും നിങ്ങളെ കൈക്കൊള്ളാതെയും, നിങ്ങളുടെ വചനങ്ങളെ കേൾക്കാതെയുമിരുന്നാൽ ആ വീടോ പട്ടണമോ വിട്ടുപോകുമ്പോൾ നിങ്ങളുടെ കാലിലെ പൊടി തട്ടിക്കളവീൻ" (മത്തായി: 10:8-14). തിരുമേനിയെ സംബന്ധിച്ചിടത്തോളം ഈ കർത്തൃവചനങ്ങൾ അന്വർത്ഥമായിരുന്നു. തിരുമേനിയുടെയും സ്ലീബാദാസൻമാരുടെയും സമാധാനം അനേകംപേരുടെ ഭവനങ്ങളിൽ പ്രവേശിച്ചു വസിച്ചിട്ടുണ്ട്. എന്നാൽ പലർക്കും എതിരായി പാദങ്ങളിലെ പൊടി തട്ടിക്കളയേണ്ട സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്.

22000-ത്തിൽ പരം ഹരിജനങ്ങളെ ക്രിസ്തുമതത്തിലേക്ക് തിരുമേനിയും അനുചരൻമാരും കൂടി ചേർത്തു. തിരുമേനി അവരുടെ ആരാധനാപാത്രമായിരുന്നു. ഉന്നതവിദ്യാഭ്യാസം ലഭിച്ച ഹരിജന ക്രിസ്ത്യാനികൾ പലരുണ്ട്. സ്ലീബാദാസൻമാരായി സുവിശേഷവേല ചെയ്യുന്നവരുമുണ്ട്. അവരുടെ നിലവാരത്തെ തിരുമേനി ഉയർത്തി. ചാത്തനും കാളിയും മറുതായും വിട്ട് സത്യദൈവത്തിങ്കലേക്ക് അവരെ കൊണ്ടുവന്നു. തീണ്ടൽ അനുഷ്ഠിക്കേണ്ട അധഃകൃതർ മാമോദീസായ്ക്കുശേഷം സവർണ്ണരെപ്പോലെ സ്വതന്ത്രരായിത്തീർന്നു. സവർണ്ണക്രിസ്ത്യാനികളോടുകൂടി പെരുമാറുകയും, അവരോടുകൂടി ഒരേ പള്ളിയിൽ ആരാധിക്കുകയും ചെയ്യുന്നത് അവർക്ക് അഭിമാനമുളവാക്കി.

തിരുമേനിയുടെ സുവിശേഷവേല വ്യയഹേതുകമായിരുന്നില്ല. ഉള്ള പള്ളികളും പള്ളിക്കൂടങ്ങളും മറ്റു സ്ഥാപനങ്ങളും ഉപയോഗിക്കുകയെന്നല്ലാതെ ഹരിജന ക്രിസ്ത്യാനികൾക്കു വേണ്ടി പ്രത്യേകപള്ളികൾ വയ്ക്കുന്നതിനോ പള്ളിക്കൂടങ്ങൾ ഉണ്ടാക്കുന്നതിനോ, 'സഭയ്ക്കുള്ളിൽ സഭ ഉണ്ടാക്കുന്നതിനോ' ശ്രമിച്ചിരുന്നില്ല. സ്ളീബാദാസൻമാർക്കും ഭീമമായ ചെലവൊന്നുമില്ലായിരുന്നു. "ഉണ്ണാനും ഉടുക്കുവാനും" മാത്രം മതിയെന്നാണല്ലോ അവരുടെ ആദർശം. പള്ളികളിൽ നിന്നോ അതില്ലെങ്കിൽ പിടിയരി പിരിച്ചോ ചെലവു നടത്തണം. അത്യാവശ്യ ചെലവുകൾക്ക് ഒരു ചെറിയ സംഖ്യ പോക്കറ്റു മണിയായി കൊടുക്കും. ഇരുപതാം നൂറ്റാണ്ടിൽ ഇത്ര നിസ്സാര ചെലവിൽ മിഷൻ വേല മറ്റാരു ചെയ്യുന്നുണ്ട്? "സുവിശേഷഘോഷണം ചെലവുകൂടാതെ ഞാൻ നടത്തുന്നു." എന്നു പ. പൗലൂസ് ശ്ലീഹാ പറഞ്ഞിട്ടുള്ളപ്രകാരം തന്നെ" (1 കൊരി. 9:18).

"എന്റെ ജീവന് ഒരുവേള അപകടം സംഭവിച്ചാലും മലങ്കര സഭയിൽ സമാധാനമുണ്ടാക്കുവാൻ കഴിയുമെങ്കിൽ അത് സാധിക്കണമെന്ന് എനിക്കതിയായ താല്പര്യമുണ്ട്.

സമാധാനത്തിനുവേണ്ടി നാമോരോരുത്തരും നമ്മെത്തന്നെ ബലികഴിക്കേണ്ടവരാണ്. എന്നാൽ, സമാധാനത്തിന്റെ നാമത്തിൽ എന്തെങ്കിലും മനസ്സാക്ഷിക്ക് ചേരാത്തത് ചെയ്തിരുന്നെങ്കിൽ എനിക്ക് ദുഃഖവും വേദനയും ഉണ്ടാകുമായിരുന്നു. സമാധാനത്തിനു വേണ്ടി ഒരുത്തൻ തന്റെ വിശ്വാസം ഉപേക്ഷിക്കുകയോ മനസ്സാക്ഷിക്കെതിരായി പ്രവർത്തിക്കുകയോ ചെയ്യുവാൻ പാടില്ല."

- പ. വട്ടശ്ശേരിൽ തിരുമേനി



തിരുമേനിയുടെ ആദർശങ്ങളാൽ ആകൃഷ്ടരായ അനേകം ചെറുപ്പക്കാരുടെ സഹായമാണ്, സ്ലീബാദാസസമൂഹത്തിന്റെ പ്രവർത്തനം ഇത്ര സുശക്തമാക്കിയത്. ആയുഷ്ക്കാലപര്യന്തം മിഷൻ വേല സ്വീകരിച്ചവരുണ്ട്. ദീർഘകാലങ്ങളിലേക്കും, ചുരുങ്ങിയ കാലഘട്ടങ്ങളിലേക്കും വേല നടത്തിയവരുണ്ട്. ചില ആധുനിക രീതികൾ സമൂഹത്തിൽ നിന്ന് പ്രതീക്ഷിച്ചുകൊണ്ട് സമീപിച്ചിട്ടുള്ളവർക്കു നിരാശരായി മടങ്ങേണ്ടി വന്നിട്ടുമുണ്ട്.

തിരുമേനിക്കു സ്വതസിദ്ധമായുള്ള പ്രത്യേകതകളും, രീതികളും, സ്വഭാവങ്ങളും മാറ്റുവാൻ അദ്ദേഹത്തിനു പ്രയാസമായിരുന്നു. പ്രതിബന്ധങ്ങളെയോ പ്രയാസങ്ങളെയോ പറ്റി അദ്ദേഹം ചിന്തിക്കാറില്ല. ഇടവും വലവും നോക്കാതെ മുന്നോട്ടു പായും.

ആർക്കുവേണ്ടിയും നോക്കിയിരിക്കുന്ന രീതി തിരുമേനിക്കില്ലായിരുന്നു. ഏതു ജോലിയും ആവശ്യം വന്നാൽ തനിയേ ചെയ്യും. പോസ്റ്റാഫീസിൽ വെള്ളക്കുപ്പായം മാത്രം ധരിച്ചുകൊണ്ടുപോയി കാര്യങ്ങൾ നിർവഹിച്ചിട്ടുള്ള പല ഘട്ടങ്ങളുമുണ്ട്. ഒരു കുട പോലുമെടുക്കാതെ വേനൽക്കാലത്തു ഇങ്ങനെയുള്ള യാത്ര ചെയ്യുമ്പോൾ ഉഷ്ണാധിക്യത്താൽ ആവശ്യം വന്നാൽ മസനപ്സാ ഊരി കൈയിലോ തോളിലോ ഇട്ടുകൊണ്ട് യാത്ര ചെയ്യുന്നതിന്റെ അനൗചിത്യം അദ്ദേഹം കൂട്ടാക്കിയിരുന്നില്ല. തിരുമേനി ഒരു പ്രത്യേക സൃഷ്ടി തന്നെ ആയിരുന്നു. അഭിമാനം പറഞ്ഞു കാര്യനടത്തിപ്പിനായി മറ്റുള്ളവരെ ആശ്രയിക്കേണ്ടി വരുന്നവരുടെ ഈടുമുട്ട് തിരുമേനിക്ക് സഹിക്കേണ്ടതായിട്ടില്ലായിരുന്നു.

വിമർശനങ്ങളെ വകവയ്ക്കുന്ന പതിവ് തിരുമേനിക്കില്ല. മുഖം നോക്കാതെ എഴുതുകയും പറയുകയും ചെയ്യും. ആർക്കും പോസ്റ്റുകാർഡിൽ തുറന്ന കത്തുകൾ എഴുതുന്നതിനു മടിക്കുകയില്ല. മനുഷ്യരുടെ പ്രീതിയോ അപ്രീതിയോ കണക്കിലെടുക്കുന്ന സ്വഭാവമില്ല. വട്ടക്കണ്ണുകൾ ഉരുട്ടിക്കൊണ്ടുള്ള മിഴിച്ചുനോട്ടവും നിഷേധഭാവത്തിലുള്ള തലയാട്ടലും, ചെറിയ മൂളലും, ദീർഘമൗനവും അനിഷ്ട ലക്ഷണങ്ങളാണ്. തുറന്നു പറയണമെങ്കിൽ 'ഹേ-ഹേ' എന്നു പ്രതിവചിച്ചുകൊണ്ടു മുഖത്തടിച്ചു പറയും. ജീവൻ പണയത്തിലായിരുന്ന അനേകഘട്ടങ്ങൾ മൗനം കൊണ്ടും, തുറിച്ചുനോട്ടം കൊണ്ടും തരണം ചെയ്തിട്ടുണ്ട്.

സ്ളീബാദാസ സമൂഹത്തിനു ഘടനയാകട്ടെ ബൈലോ ആകട്ടെ ഒന്നുമില്ല. അദ്ധ്യക്ഷനും, സ്ഥാപനവും, നിയമങ്ങളുമെല്ലാം തിരുമേനി തന്നെ. സ്ളീബാദാസന്മാർ അനുഷ്ഠിക്കേണ്ട 15 കാര്യങ്ങൾ ഉൾപ്പെടുന്ന ചട്ടം കെട്ടുകൾ മാത്രം. ഭവനസന്ദർശന പ്രാർത്ഥന, ദിവസേന വേലയ്ക്ക് ഇറങ്ങുമ്പോഴും യോഗാവസാനത്തിലും ചൊല്ലേണ്ട പ്രാർത്ഥന, താണജാതിക്കാരുടെ മാനസാന്തരത്തിനു വേണ്ടിയുള്ള പ്രാർത്ഥന, ഉച്ചയ്ക്കുള്ള മദ്ധ്യസ്ഥപ്രാർത്ഥന, സമൂഹത്തിനുവേണ്ടിയുള്ള പ്രാർത്ഥന എന്നിവ മാത്രം പ്രത്യേകമാണ്. സഭാംഗങ്ങൾ അനുഷ്ഠിക്കേണ്ട കാര്യങ്ങൾ ഒക്കെയും സ്ളീബാദാസൻമാർ അനുഷ്ഠിച്ചിരിക്കണം.

സമൂഹാംഗങ്ങളുടെ പരിശീലനമാണ് എല്ലാറ്റിലും വിചിത്രം. അവർ സ്ക്കൂൾ ഫൈനലെങ്കിലും പാസ്സായിരിക്കണമെന്നുണ്ട്. പക്ഷേ അക്കാര്യം പരിപൂർണ്ണമായി പാലിക്കപ്പെട്ടിരുന്നില്ലെന്നേയുള്ളൂ. വേദപുസ്തകത്തെ സംബന്ധിച്ചും സഭയെ സംബന്ധിച്ചും വെറും സാമാന്യജ്ഞാനം ഉണ്ടായിരിക്കണമെന്നല്ലാതെ പാണ്ഡിത്യമൊന്നും വേണമെന്നില്ല. സ്ളീബാദാസന്മാരെ ഉന്നതവിദ്യാഭ്യാസത്തിനു അയയ്ക്കുന്നതിനു തിരുമേനി വലിയ താല്പര്യമൊന്നും കാണിച്ചിരുന്നില്ല. സാധുക്കളുടെ ഇടയിൽ വേല ചെയ്യുവാൻ അവയൊന്നും ആവശ്യമില്ലെന്നാണു അദ്ദേഹത്തിന്റെ അഭിപ്രായം. ഉയർന്ന വിദ്യാഭ്യാസത്തിനു ആഗ്രഹമുള്ള സ്ളീബാദാസന്മാർ സമൂഹം വിടുകയാണു പതിവ്. പരിശീലനത്തിനു പ്രത്യേക കളരിയൊന്നും വേണ്ട. തിരുമേനിയുടെയും മറ്റു സ്ളീബാ ദാസന്മാരുടെയും കൂട്ടത്തിലുള്ള പരിശീലനം മതിയാകും. അതും ഒരാഴ്ചയോ രണ്ടാഴ്ചയോ മാത്രം. എന്നാൽ അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ പ്രതിജ്ഞകൾ ആവശ്യമാണ്. ഈ പ്രതിജ്ഞകൾ ആണ്ടുതോറും പുതുക്കുകയും വേണം. പ്രാതികൂല്യങ്ങൾ, പട്ടിണി, ആക്ഷേപങ്ങൾ, നൈരാശ്യങ്ങൾ എന്നിവ വക വയ്ക്കരുത്. കൊല്ലത്തിൽ രണ്ടു തവണ - അതായത് വാർഷിക പൊതുയോഗം കഴിഞ്ഞു മൂന്നു ദിവസത്തേയ്ക്കും വലിയ നോമ്പിന്റെ ആദ്യവാരത്തിൽ അഞ്ചുദിവസത്തേയ്ക്കും - ധ്യാനവും ക്ലാസ്സുകളും പ്രഭാഷണങ്ങളുമുണ്ട്. ദിവസേന അരമണിക്കൂർ നേരത്തേക്കെങ്കിലും വേദവായനയും ധ്യാനവും നടത്തണം. അഞ്ചു നോമ്പുകളിലും വിശുദ്ധകുർബാന അനുഭവിക്കണം. ഇവയാണു സ്ലീബാദാസന്മാരുടെ യോഗ്യതകൾ.

വ്യയഹേതുകമായ ദീർഘപരിശീലനം സ്ലീബാദാസന്മാർക്കു കൊടുക്കു

ന്നതിനെപ്പറ്റി തിരുമേനിക്കു ബോദ്ധ്യമില്ലായിരുന്നു. മിഷൻവേല ഭാരമുള്ളതാക്കാതെ ചെലവില്ലാത്തതാക്കണമെന്നുള്ള ചിന്താഗതി കൂടാതെ കർത്താവ് തന്റെ ശിഷ്യൻമാരെ അഭ്യസിപ്പിച്ച രീതി അവലംബിക്കണമെന്നുള്ള ആദർശവും അതിന്റെ പിന്നിലുണ്ടായിരുന്നു. എന്നാൽ സമയം വൃഥാ കളയാതെ സുറിയാനിയും ഇംഗ്ലീഷും വേദകാര്യങ്ങളും പഠിച്ചുകൊണ്ടിരിക്കണമെന്നുള്ളത് സ്ലീബാദാസൻമാർ അനുഷ്ഠിക്കേണ്ട നിയമങ്ങളിലൊന്നാണ്.

പണത്തെപ്പറ്റിയുള്ള തിരുമേനിയുടെ തത്വചിന്ത ഒന്നു പ്രത്യേകമായിരുന്നു. അദ്ദേഹം ഒരു പണക്കൊതിയൻ ആയിരുന്നില്ല. കുടുംബസ്വത്തിന്റെ വീതം ജ്യേഷ്ഠനു കൊടുത്തു. ഞാറയ്ക്കൽ ജോലി നോക്കി ലഭിച്ച 3000 രൂപാ സഹോദരികൾക്കായി ഭാഗിച്ചുകൊടുത്തു. മദനപ്പള്ളി ഹൈസ്ക്കുളിൽ ജോലിനോക്കി സമ്പാദിച്ച 6000 രൂപാ കൊണ്ടാണ് സുവിശേഷവേല ആരംഭിച്ചത്. അല്പത്തിൽ വിശ്വസ്തൻ, അധികത്തിലും വിശ്വസ്തൻ എന്നുള്ള കർത്തൃവചനം അദ്ദേഹം മുറുകെപ്പിടിച്ചു. ഒരു "പിശുക്കനെ"പ്പോലെ അദ്ദേഹം പണം ചെലവാക്കി. സ്വന്തം സുഖ സൗകര്യങ്ങൾക്കുവേണ്ടി ആയിരുന്നില്ലതാനും. ഒന്നു രണ്ടു കൂട്ടുകുപ്പായം, ഒരുജോഡി കാപ്പ, ബസ്സിൽ യാത്ര, നടക്കാവുന്നിടത്തു നടക്കുക, വളരെ നിസ്സാരമായ ഭക്ഷണം. ഒന്നോ രണ്ടോ കൂട്ടം കറിയും ചോറും ഇത്രമാത്രം കൊണ്ട് അദ്ദേഹം തൃപ്തനായിരുന്നു.

പിന്നെ ഈ 'പിശുക്കെ'ന്തിന്? പണം സംബന്ധിച്ച കർത്തവ്യബോധം. അനേകംപേർ വിശ്വാസപൂർവ്വം മിഷൻ പ്രവർത്തനത്തിന് അയച്ചു കൊടുക്കുന്ന പണം വിശ്വസ്തതയോടെ തന്നെ ചെലവഴിക്കണം. അനേകം ആളുകൾ പട്ടിണിക്കാരായി കഴിയുന്ന വേളയിൽ അനാവശ്യചിലവുകൾക്കു പണം ചിലവാക്കുന്നത് മാപ്പില്ലാത്ത കുറ്റമായി തിരുമേനി പരിഗണിച്ചു.

സ്ലീബാദാസ സമൂഹത്തിന്റെ സുസ്ഥിരമായ നിലനിൽപ്പിനു ഒരു മൂലധനം ആവശ്യമാണെന്നു തിരുമേനി കരുതിയിരുന്നു. മിഷൻവേലയ്ക്ക് അത്യന്താപേക്ഷിതമായ ചെലവുകൾ ചെയ്തശേഷം ബാക്കിവരുന്ന സകലവും അതിൽ സ്വരൂപിച്ചു. സ്വന്തം വരുമാനങ്ങളും സമൂഹത്തിനു തന്നെ കൊടുത്തു. ഒരു നല്ല സംഖ്യ ശാശ്വത നിധിയായും, അവിചാരിത ചെലവ് നിധിയായും അവശേഷിപ്പിച്ചിട്ടാണ് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞത്.

തിരുമേനിക്കു ലഭിച്ച ഭദ്രാസനം അദ്ദേഹത്തിന്റെ ജീവിതരീതിക്കും ആശയങ്ങൾക്കും തികച്ചും യോജിച്ചതുതന്നെയായിരുന്നു. മലങ്കര സുറിയാനി സഭയിലേക്കും ഏറ്റവും ദരിദ്രവും സാമ്പത്തികശേഷികുറഞ്ഞതുമായ മലബാർ ഭദ്രാസനം. കുന്നും മലയും കയറി, കാടും പടലും കടന്നു, മേടും പള്ളിയും ചുറ്റി കാൽനടയായി വിനോബജിയെപ്പോലെ പദയാത്ര നടത്തിയാണ് ഭദ്രാസന ഭരണം അദ്ദേഹം നിർവ്വഹിച്ചത്. നാടും വീടും വിട്ടു കാലയാപനത്തിനായി കുടയേറി പാർത്തിട്ടുള്ള എല്ലാതരക്കാരായ നമ്മുടെ ആളുകൾ മലബാറിലുണ്ട്. ഒരു വീടു മാറിയാൽ ആറുമാസത്തെ പട്ടിണിയെങ്കിൽ ഒരു നാടുമാറിയാൽ എത്രനാളത്തേക്ക്? തിരുമേനി വിശ്രമം കൂടാതെ പള്ളികൾ സന്ദർശിച്ചു ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും, പള്ളികൾ വയ്ക്കുന്നതിനും സ്ഥലം വാങ്ങുന്നതിനും പണം ചെലവിടുകയും ചെയ്തു. മലബാറിലുള്ള പല പള്ളികളും അപ്രകാരം ഉണ്ടായിട്ടുള്ളതാണ്.

തിരുമേനി ശക്തനായ ഭരണകർത്താവോ ഭരണതന്ത്രജ്ഞനോ ആയിരുന്നുവെന്നു പറയാമോ എന്നു ശങ്കിക്കുന്നു. എങ്കിലും ഭദ്രാസനത്തിനുവേണ്ടി കഷ്ടപ്പെടുകയും, അതിനെ സ്നേഹിക്കുകയും, അതിനുവേണ്ടി സ്വന്തം വരവുകൾ ചെലവിടുകയും ചെയ്തു. ഒരു നല്ല സംഖ്യ ആ ഇനത്തിൽ അദ്ദേഹത്തിന്റെ കൈയിൽ നിന്നു ചെലവിട്ടിട്ടുണ്ട്. വാർദ്ധക്യസഹജമായ പ്രയാസങ്ങൾ അദ്ദേഹത്തിനുണ്ടായിരിന്നിട്ടും മറ്റൊരു മെത്രാപ്പോലീത്താ ഉണ്ടാകുന്നതു വരെ അദ്ദേഹത്തെ ഭരമേല്പിച്ചിരുന്ന കാര്യം വിശ്വസ്തതയോടെ നടത്തി. ഭദ്രാസനത്തിന് ഒരു സഹായ മെത്രാപ്പോലിത്ത വാഴിക്കപ്പെട്ടപ്പോൾ ഭരണഭാരം അദ്ദേഹത്തെ ഭരമേല്പിച്ചിട്ടു പിൻവാങ്ങുകയും ചെയ്തു.

സഭയിലെ കക്ഷി മൽസരത്തിൽ തിരുമേനി തികച്ചും കാതോലിക്കാ കക്ഷിക്കാരനായിരുന്നു. മുറിമറ്റത്തു ഈവാനിയോസ് തിരുമേനിയാണ് അദ്ദേഹത്തിനു ആദ്യപട്ടം കൊടുത്തത്. കാലം ചെയ്ത ഗീവറുഗീസ് രണ്ടാമൻ കാതോലിക്കാബാവാ അദ്ദേഹത്തെ റമ്പാനും മെത്രാപ്പോലീത്തായുമാക്കി. കശ്ശീശാസ്ഥാനം ശീമക്കാരൻ സ്ലീബാ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നുമാണ് വാങ്ങിയത്. അതിനു പ്രത്യേക കാരണവുമുണ്ടായിരുന്നു. വടക്കൻ പ്രദേശങ്ങളിലെ സുവിശേഷവേല അന്നത്തെ പരിതസ്ഥിതിയിൽ വിജയപൂർവ്വം നടത്തണമെങ്കിൽ അപ്രകാരം ചെയ്യാതെ നിവൃത്തിയില്ലാതെ വന്നു. വാശിയേറിയ കക്ഷിഭിന്നതയെക്കാൾ സുവിശേഷവിജയം തിരുമേനി കാര്യമായി കരുതിയിരുന്നു. "യഹൂദന്മാരെ നേടേണ്ടതിനു ഞാൻ യഹൂദന്മാർക്കു യഹൂദന്മാരെപ്പോലെ ആയി... ഏതു വിധത്തിലും ചിലരെ രക്ഷിക്കേണ്ടതിനു ഞാൻ എല്ലാവർക്കും എല്ലാമായിത്തീർന്നു" (1 കോരി 9: 20-22) എന്നിങ്ങനെ പൗലൂസ് ശ്ലീഹാ പറഞ്ഞിട്ടുള്ളതുപോലെ തന്നെ. എങ്കിലും സഭയുടെ സ്വാതന്ത്ര്യത്തിനും പുരോഗതിക്കും കാതോലിക്കാസ്ഥാപനം അത്യന്താപേക്ഷിതമാണെന്നു അദ്ദേഹം മരണപര്യന്തം വിശ്വസിച്ചിരുന്നു. കക്ഷിമാറി പട്ടമേറ്റെങ്കിലും അദ്ദേഹത്തിന്റെ പറ്റുമാനം എന്നും കാതോലിക്കാ കക്ഷിയോടുകൂടി ആയിരുന്നു. കശ്ശീശാ സ്ഥാനമൊഴിച്ചുള്ള എല്ലാ പട്ടവും ആ കക്ഷിയിൽ നിന്നു സ്വീകരിക്കുകയും ചെയ്തു. ഒരു കാതോലിക്കാകക്ഷിയംഗമായിരുന്നെങ്കിലും അദ്ദേഹത്തിനു പട്ടം കൊടുത്ത സ്ലീബാ ഒസ്താത്തിയോസ് തിരുമേനി ഉൾപ്പെടെ പാത്രിയർക്കീസ് ഭാഗത്തുണ്ടായിരുന്ന പല തിരുമേനിമാരും അച്ചൻമാരും ജനങ്ങളും അദ്ദേഹത്തെ ബഹുമാനിച്ചിരുന്നത് അദ്ദേഹത്തിന്റെ വേലയുടെ മഹാത്മ്യം ഒന്നുകൊണ്ടു മാത്രമാണ്.

തിരുമേനി ഒരു വിപ്ലവനേതാവായിരുന്നുവെന്നും ചിലർ പറയാറുണ്ട്. എന്നാൽ സമൂഹത്തിലും, രാഷ്ട്രത്തിലും, മതത്തിലുമുള്ള അനാചാരങ്ങളെ നീക്കുന്നതിനു നേതൃത്വം കൊടുത്ത ഒരു പുരോഗമനവാദി മാത്രരമായിരുന്നു അദ്ദേഹം. അതു വിപ്ലവമാണെങ്കിൽ അദ്ദേഹം ഒരു വിപ്ലവകാരി തന്നെ. അനുസരണം മുദ്രാവാക്യമായി അംഗീകരിച്ച ഒരാൾക്ക് ഒരു വിപ്ലവനേതാവാകുവാൻ സാദ്ധ്യമോ? 1917-ൽ അദ്ദേഹവും മറ്റു ചിലരും കൂടി തുടങ്ങിയ "ആരാധന സ്വന്തഭാഷയിൽ" എന്ന പ്രസ്ഥാനം നിലവിലിരുന്ന രീതിയോടുള്ള ഒരു സുധീരമായ വെല്ലുവിളി തന്നെ ആയിരുന്നു. 50 കൊല്ലങ്ങൾ കഴിഞ്ഞിരിക്കുന്ന ഇന്നത്തെ സ്ഥിതിഗതികൾ വച്ചു നോക്കുമ്പോൾ അദ്ദേഹം എത്ര ദീർഘദൃഷ്ടിയോടു കൂടി പെരുമാറി എന്നു കാണാൻ കഴിയും. സ്വതന്ത്രമായ സുറിയാനി സഭയ്ക്ക് സ്വന്തം ഭാഷയിലുള്ള ആരാധനാക്രമം ഒഴിച്ചുകൂടാത്തതുതന്നെയാണ്. സ്വന്തമായ തക്സാകളും കൂദാശക്രമങ്ങളും മറ്റും പുരാതന മലങ്കര സുറിയാനി സഭയ്ക്കു നഷ്ടപ്പെട്ടിരിക്കുന്ന സ്ഥിതിക്കു ലോകത്തിലേക്കും ഏറ്റവും പഴക്കമുള്ള ആരാധനാക്രമങ്ങളുടെ സ്വന്തഭാഷയിലുള്ള തർജ്ജമകളെങ്കിലും ഉണ്ടായിരിക്കുന്നത് അഭിമാനകരമാണ്. തിരുമേനിയുടെ പുരോഗമന ചിന്താഗതി 'കുർബാന പ്രക്ഷേപണം' വരെ എത്തിയിരുന്നു. ലോകത്തിന്റെ നാനാഭാഗത്തും താമസിക്കുന്ന സുറിയാനിക്കാർക്കു ഞായറാഴ്ചതോറും ഭക്തിപൂർവ്വം കേൾപ്പാൻ റേഡിയോവഴി കോട്ടയം പഴയസെമിനാരിയിൽ നിന്ന് വി. കുർബ്ബാന പ്രക്ഷേപണം ചെയ്യേണ്ടതാണെന്നു പോലും തിരുമേനി ചിന്തിച്ചിരുന്നു.

ബാഹ്യകേരളഭദ്രാസനം വികസിച്ച് പല ഭദ്രാസനങ്ങളായി തീരണമെന്നുള്ള അഭിലാഷം തിരുമേനിക്കുണ്ടായിരുന്നു. ബാഹ്യകേരളത്തിന്റെ വികസനമാണ് ഇന്ത്യയിലെ സുറിയാനിസഭയിലെ വളർച്ചയെന്നുള്ള വാസ്തവം തിരുമേനി മനസ്സിലാക്കിയിരിക്കണം. സഭയിലെ ചുമതലപ്പെട്ടവർ ഇപ്പോഴും അക്കാര്യം വേണ്ടവണ്ണം ഗ്രഹിച്ചുട്ടുണ്ടോയെന്നു സംശയമാണ്. പരിശുദ്ധനായ പൗലൂസ് ശ്ലീഹായെ പോലെ തിരുമനസ്സുകൊണ്ടു ബാഹ്യകേരളത്തിൽ കേരളത്തിൽ മൂന്നു മിഷനറി യാത്രകൾ നടത്തി. ബാഹ്യകേരളത്തെപ്പറ്റിയുള്ള തന്റെ പ്രതീക്ഷകൾ വിലയിരുത്തി.

തിരുമേനിയുടെ ചിന്താഗതികളും ജീവിതരീതികളും പ്രവർത്തനവും ചിലർക്ക് ഹൃദ്യമായി തോന്നിയിട്ടില്ലായിരിക്കാം. സകല പാരമ്പര്യങ്ങളും കളഞ്ഞുകുളിക്കുന്നക്കുന്ന ഒരാളായിട്ട് അദ്ദേഹത്തെ അങ്ങനെയുള്ളവർ പരിഗണിക്കുന്നുണ്ടാവാം. തിരുമേനിയുടെ ആദർശങ്ങളും പ്രകൃതങ്ങളും ഒരു വശത്തു സർവ്വത്ര അനാകർഷമായിരുന്നെങ്കിൽ മറുവശത്തു അവയെല്ലാം പ്രശംസാർഹവും അഭിലഷണീയവുമായിരുന്നു. തിരുമേനിയുടെ താഴ്ചയായിരുന്നു അദ്ദേഹത്തിന്റെ ഉയർച്ചയും. ഒരു സത്യക്രിസ്ത്യാനിയെപ്പോലെ അദ്ദേഹം ആത്മാവിൽ ദരിദ്രനും, ദുഃഖിക്കുന്നവനും സൗമ്യതയുള്ളവനും നീതിക്കു വിശന്നു ദാഹിക്കുന്നവനും, കരുണയുള്ളവനും, ഹൃദയശുദ്ധിയുള്ളവനും, സമാധാനം നടത്തുന്നവനും നീതിനിമിത്തം ഉപദ്രവിക്കപ്പെട്ടവനും, മിശിഹായ്ക്കുവേണ്ടി ദുഷിയും പരിഹാസവും, ഉപദ്രവവും സഹിച്ചവനും ആയിരുന്നു. മുമ്പിനാലെയുള്ള പ്രവാചകൻമാരും അപ്രകാരമായിരുന്നല്ലോ. തിരുമേനി ഭാഗ്യവാൻ. സ്വർഗത്തിൽ അദ്ദേഹത്തിന്റെ പ്രതിഫലം വലുതാകുന്നു. "അദ്ദേഹം നല്ലപോർ പൊരുതു ഓട്ടം തികച്ചു, വിശ്വാസം കാത്തു."

ഭാഗ്യസ്മരണാർഹനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയോടുള്ള സഭയുടെ കടപ്പാട് എങ്ങനെ നിവർത്തിക്കും? അദ്ദേഹത്തിന്റെ കബറിടം പണിത് ഉയർത്തുന്നതുകൊണ്ടോ? വളരെ നിസ്സാരമായ ഒരു കബറുമാത്രം പണിയണമെന്ന് തിരുമേനി ആഗ്രഹിച്ചിരുന്നുള്ളു.

ഭാവിതലമുറയുടെ പ്രചോദനത്തിനുതകത്തക്കവണ്ണം അദ്ദേഹത്തിന്റെ ജീവചരിത്രം എഴുതി പ്രസിദ്ധപ്പെടുത്തുന്നതിനു തിരുമേനിയുടെ ശിഷ്യനും, സഹപ്രവർത്തകനും, തിരുമേനിയുടെ വ്യക്തി മാഹാത്മ്യങ്ങളെ ആരാധിച്ചിരുന്ന ആളുമായ പി. പി. വർക്കി മുതിർന്നത് സർവഥാ ആദരണീയമായ ഒരു പ്രവൃത്തി തന്നെ. വർക്കിയെക്കാൾ അക്കാര്യത്തിനുപറ്റിയ മറ്റൊരു വ്യക്തിയുണ്ടോയെന്നു സംശയിക്കുന്നു. പത്രോസ് മാർ ഒസ്താത്തിയോസ്' എന്ന പേരിൽ വർക്കി എഴുതി കെ. വി. മാമ്മൻ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ജീവചരിത്രം അനുവാചകർ കയ്യിലെടുത്താൽ അവസാനം കാണുന്നതുവരെ താഴത്തുവയ്ക്കില്ല. വർക്കിയുടെ രചനാവൈദഗ്ദ്ധ്യമാണോ പുസ്തകത്തിൽ ഉടനീളം കാണുന്ന തിരുമേനിയുടെ വ്യക്തിമാഹാത്മ്യമാണോ അതിനു കാരണമെന്നു വായനക്കാർ തന്നെ തീരുമാനിക്കുകയാണുത്തമം. ആ പുസ്തകത്തെ ആസ്പദമാക്കി ആ പുസ്തകത്തിലേക്കുള്ള ഒരു പ്രവേശിക ആയിട്ടാണ് ഈ ലഘു പ്രബന്ധം എഴുതപ്പെട്ടിരിക്കുന്നത്.

സുറിയാനിസഭയ്ക്കു വലിയൊരു കടപ്പാട് തിരുമേനിയോടുണ്ട്. മിഷനറി പ്രവർത്തനം ഒട്ടും തന്നെ ഇല്ലാതിരുന്ന നമ്മുടെ സഭയുടെ, പേരും പെരുമയും അദ്ദേഹം വർദ്ധിപ്പിച്ചു. തിരുമേനി തെളിയിച്ചു കാണിച്ച പാതയിൽകൂടി പന്നീടു പലരും ചരിക്കുന്നതിനു അതിടയാക്കി. അദ്ദേഹത്തോടുള്ള സഭയുടെ കടപ്പാട് സ്ലീബാദാസമുഹത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്ന കാര്യത്തിൽ കാണിക്കേണ്ടതാണ്. കഴിഞ്ഞ 29 നീണ്ട വർഷങ്ങൾ സമൂഹാദ്ധ്യക്ഷന്റെ കൂടെ സുവിശേഷവേലചെയ്ത ആളും അദ്ദേഹത്തെ അടുത്തറിഞ്ഞ് അദ്ദേഹത്തിന്റെ ആദർശങ്ങൾ സ്വന്തം ജീവിതത്തിൽ പകർത്തിയിട്ടുള്ളയാളുമായ ടി. വി. പീലിപ്പോസ് കോറെപ്പിസ്ക്കോപ്പായെ സ്ലീബാദാസമൂഹത്തിന്റെ പ്രവർത്തനം ഭരമേല്പിച്ചിട്ടാണ് തിരുമേനി ദിവംഗതനായത്. കോറെപ്പിസ്കോപ്പാ ആ കൃത്യം നിർവഹിക്കുന്നതിന് ഉത്സാഹപൂർവ്വം പ്രവർത്തിക്കുന്നുമുണ്ട്.

മാർ ഒസ്താത്തിയോസ് തിരുമേനിയുടെ മരണശേഷം എപ്പിസ്ക്കോപ്പൽ സുന്നഹദോസ്സിന്റെ നേരിട്ടുള്ള ശ്രദ്ധ സ്ലീബാദാസമൂഹത്തിന്റെ പ്രവർത്തനത്തിൽ ഉണ്ടായികഴിഞ്ഞിരിക്കുകയാണ്. ബലഹീനനായ നമ്മെ അദ്ദേഹത്തിന്റെ സ്ഥാനത്തു സ്ലീബാദാസമൂഹദ്ധ്യക്ഷനായി മറ്റൊരു തീരുമാനമുണ്ടാകുന്നതുവരെ സുന്നഹദോസ് നിയമിച്ചിരിക്കുന്നു. മിഷൻ വേലയിൽ നാം കേവലം ശിശുമാത്രമാകുന്നു. ദുർബലമായ നമ്മുടെ കൈകളെ ബലിഷ്ഠമായ തൃക്കരങ്ങളാൽ ദൈവംതമ്പുരാൻ ശക്തമാക്കണമെന്നുതന്നെയാണു നമ്മുടെ പ്രാർത്ഥന.

പരിചയസമ്പന്നനായ പീലിപ്പോസ് കോറെപ്പിസ്ക്കോപ്പായുടേയും, വിശുദ്ധരും പക്വമതികളും സത്യദീക്ഷയുള്ളവരുമായ മറ്റു സ്ളീബാദാസന്മാരുടേയും കലവറ കൂടാത്ത സഹകരണത്തിലാശ്രയിച്ചു കൊണ്ടാണ് ഈ പദവി നാം സ്വീകരിച്ചിട്ടുള്ളത്.

1924 സെപ്റ്റംബർ മാസം 14–ാം തീയതി ആരംഭിച്ച സ്ളീബാദാസസമൂഹം 44 കൊല്ലങ്ങൾ പിൻതള്ളിയിരിക്കുകയാണ്. അതിന്റെ താഴ്ചകളും വീഴ്ചകളും, ഉയർച്ചകളും കണ്ടു മനസ്സിലാക്കുന്നതിനു സുദീർഘമായ ഈ കാലഘട്ടം സഹായിച്ചിട്ടുണ്ട്. സമൂഹത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ സർവ്വദാ ആദരണീയമാണ്. സ്ലീബാദാസന്മാരുടെ അനുഷ്ഠാനത്തിനായി സമൂഹാദ്ധ്യക്ഷൻ രചിച്ചിട്ടുള്ള 15 നിയമങ്ങളിൽ ഒന്നും തന്നെ വ്യത്യാസപ്പെടത്തേണ്ട ആവശ്യം ഉള്ളതായി തോന്നുന്നില്ല. അധഃകൃതരുടെ ഇടയിൽ മാത്രം വേല ചെയ്തുകൊണ്ടിരിക്കുന്ന സ്ലീബാദാസന്മാർക്കു മതിയായ നിയമങ്ങളാണവ. പക്ഷേ ഒരു പുതിയ ഘട്ടത്തിലേയ്ക്കു പ്രവേശിച്ചിരിക്കുന്ന സ്ലീബാദാസസമൂഹം അധഃകൃതരുടെ ഇടയിലുള്ള വേല കൊണ്ടു മാത്രം തൃപ്തിയടഞ്ഞിരിക്കേണ്ടതാണോയെന്നു സംശയിക്കുന്നു. ക്രിസ്തുവിന്റെ വെളിച്ചം അധഃകൃതർക്കു മാത്രമല്ല സർവ്വജാതിക്കും ഒരുപോലെ ആവശ്യമുള്ളതാകുന്നു.

തിരുമേനി ജിവിച്ചിരുന്ന കാലത്തു സമൂഹത്തിന്റെ അധികാരിയും,നിയമകർത്താവും, അദ്ധ്യക്ഷനുമെല്ലാം അദ്ദേഹം തന്നെയായിരുന്നു. ഇന്ന് ആ സ്ഥിതി മാറിയിട്ടുണ്ട്. പ്രവർത്തകർക്കുള്ള അനുഷ്ഠാനങ്ങൾ മാത്രമല്ല, സമൂഹത്തെ സഭയുമായി ബന്ധിപ്പിക്കുന്ന നിയമാവലികളും, ഘടനയും, ചട്ടങ്ങളും ഉപചട്ടങ്ങളുമെല്ലാം ആവശ്യമാണ്. സ്ഥാപകനും അദ്ധ്യക്ഷനുമെന്നുള്ള അദ്ദേഹത്തിന്റെ നില മറ്റൊരു വ്യക്തിക്കും ലഭിക്കുകയില്ല.

അദ്ധ്യക്ഷനിൽ നിന്നു നേരിട്ടു സ്ലീബാദാസന്മാർക്കു ലഭിച്ചുകൊണ്ടിരിക്കുന്ന പരിശീലനം ഇന്നു അസാദ്ധ്യമായിതീർന്നിരിക്കുകയാണ്. ആധുനിക ലോകത്തിൽ പ്രവർത്തിക്കുന്ന മിഷനറിമാർക്കു അവശ്യം ആവശ്യമായിരിക്കുന്ന പലിശീലനം പ്രവർത്തകർക്കു കൊടുക്കുന്നില്ലെങ്കിൽ സമൂഹം അധഃപതിച്ചു പോകുവാനെളുപ്പമുണ്ട്. അതുപോലെതന്നെ നിലവിലുള്ള ചില കാര്യങ്ങളെല്ലാം വ്യത്യാസപ്പെടുത്തേണ്ട കാലമായിട്ടില്ലേ എന്നു തോന്നിപ്പോകുന്നു.

സ്ലീബാദാസ സമുഹം പോലെ പേരും. പെരുമയും, പാരമ്പര്യവുമുള്ള ഒരു മിഷനറി സമൂഹത്തെ പരിപുഷ്ടിപ്പെടുത്തി കൂടുതൽ പ്രവർത്തനോന്മുഖമാക്കേണ്ടത് ഏവരുടേയും കർത്തവ്യമാണെന്ന് അനുസ്മരിപ്പിക്കുകയും സ്മര്യപുരുഷന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലി അർപ്പിക്കുകയും ചെയ്യുന്നു.

കോട്ടയം

1–7–68

കെ. എസ്. ചിത്ര പ. കാതോലിക്കാ ബാവായെ സന്ദർശിച്ചു

ப. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായെ ഗായിക കെ.എസ്.ചിത്ര സന്ദർശിച്ചു. പരുമല ആശുപത്രിയിൽ കഴിയുന്ന അദ്ദേഹത്തെ സന്ദർശിച്ച ചിത്ര, സ്നേഹോപഹാരമായി പുസ്തകവും പൂച്ചെണ്ടും സമ്മാനിച്ചു. ബാവാ ഒരുപാട് പുസ്തകങ്ങൾ വായിക്കുന്നയാളായതു കൊണ്ടാണ് പുസ്തകം സമ്മാനിച്ചതെന്ന് ചിത്ര പറഞ്ഞു.

കാതോലിക്കാ ബാവായോട് വിശേഷങ്ങൾ ചോദിച്ചറിഞ്ഞ ചിത്ര, അദ്ദേഹത്തിനു വേണ്ടി ഒരു പ്രാർഥനാ ഗാനം ആലപിക്കുകയും ചെയ്തു. ചുറ്റുമുള്ളവരും ഗായികയ്ക്കൊപ്പം ആലാപനത്തിൽ പങ്കു ചേർന്നു. ചിത്രയുടെ സന്ദർശനത്തിൽ ഒരുപാട് സന്തോഷമുണ്ടെന്ന് കാതോലിക്കാ ബാവ പ്രതികരിച്ചു.

ലേഖനം

നിനുവയരുടെ നോമ്പ് അനുഷ്ഠാനം

ഫാ. ഫിലിപ്പോസ് അബ്രഹാം (ജ്യോതിസ് ദയറാ)

പാപത്തിൽ വീണുപോയ നിനുവ ജനത്തെ വീണ്ടെടുക്കാൻ പ്രവാചകനെ അയച്ച് പാപബോധം കൊടുത്ത് യഥാർത്ഥമായ അനുതാപത്തിലൂടെ അവരെ മാനസാന്തരത്തിലേക്ക് നയിച്ചതിന്റെ ഓർമ്മയുമായി ഒരു മൂന്നു നോമ്പ് വീണ്ടും കടന്നു വരുന്നു. സ്വർഗ്ഗവും ഭൂമിയും സൃഷ്ടിച്ച ദൈവം സൃഷ്ടിയെ അന്വേഷിച്ചു കണ്ടെത്തുന്നു എന്നതാണ് നിനുവ തരുന്ന പാഠം. മനുഷ്യന്റെ ഹൃദയത്തിൽ വസിക്കാൻ ആഗ്രഹിക്കുന്ന ദൈവം ഇതുപോലെ ഓരോരുത്തരെയും അന്വേഷിക്കുന്നു. പ്രവാചകനെ അയച്ച് നിനുവയെ ഭയപ്പെടുത്തി, അവർക്ക് ഉന്മൂലനാശം ഉണ്ടാകുമെന്ന് ഓർമ്മിപ്പിച്ചു. രക്ഷകനായ ദൈവം ശിക്ഷിക്കുമെന്ന തിരിച്ചറിവ് നിനുവയക്കാർക്ക് ഉണ്ടായപ്പോൾ രാജാവും ജനങ്ങളും അനുതപിക്കാൻ തീരുമാനിക്കുന്നു. ഈ അനുതാപത്തിൽ മനുഷ്യനോടൊപ്പം മൃഗങ്ങളും ചേരുന്നു എന്ന വലിയ പ്രത്യേകതയും ഈ ദിവസങ്ങൾക്കുണ്ട്.

ദൈവകൽപ്പന അനുസരിച്ച് യോന പ്രവാചകൻ നിനുവയക്കാരോട് നാൽപത് ദിവസം കഴിഞ്ഞാൽ നിനുവ ഉന്മൂലമാകും എന്ന് ഘോഷിച്ചു പറഞ്ഞു (3:4). ഇത് കേട്ട നിനവെക്കാർ ദൈവത്തിൽ വിശ്വസിച്ച് ഒരു ഉപവാസം പ്രഖ്യാപിച്ചു. രാജാവ് രാജവസ്ത്രം നീക്കി വച്ച് വെണ്ണീറിൽ ഇരുന്നു. നിനുവയിൽ ഒരു കൽപ്പന പുറപ്പെടുവിച്ചു. അതിൽ നാല് പ്രധാന കാര്യങ്ങൾ നിനുവയക്കാർ ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

1. ഒന്നും ഒരു വസ്തുവും ആസ്വദിക്കരുത് (യോനാ 3:7)

നിനുവെ നശിപ്പിക്കാൻ ദൈവം തീരുമാനിച്ചത് അവരുടെ ദുഷ്ടത ദൈവ സന്നിധിയിൽ എത്തിയപ്പോഴാണ് (1:2). ലോകത്തിന്റെ സംഭവങ്ങളുടെയും ആസ്തികളുടെയും സ്വന്ത ജീവിത ആസ്വാദനങ്ങൾക്ക് പ്രാധാന്യം കൊടുത്തു. ധാർമ്മികത നഷ്ടപ്പെടുത്തി. ദൈവം കൊടുത്ത അനുഗ്രഹങ്ങളെ മറന്നു. ജനത്തിന്റെ നന്മ ആഗ്രഹിച്ച രാജാവ് രാജസിംഹാസനവും രാജവസ്ത്രവും നീക്കി വെച്ച് രട്ടിലും വെണ്ണീറിലും ഇരുന്ന് സർവ്വ ആസ്വാദനങ്ങളും ഒഴിവാക്കി ജനത്തിനു മാതൃക കാണിച്ചു. ഇന്നു നാം ജീവിക്കുന്നത് പലവിധ ആസ്വാദനങ്ങൾ നിറഞ്ഞ ലോകത്തിലാണ്. ഭക്ഷണവും, വസ്ത്രവും, പാർക്കുന്ന വീടും, ഉപയോഗിക്കുന്ന വാഹനങ്ങളും, സുഹൃത്ത്ബന്ധങ്ങളും, സാമൂഹ്യ മാധ്യമങ്ങളും എല്ലാറ്റിനും ഉപരി ദൈവം മനുഷ്യനു കൊടുത്ത സൗന്ദര്യവും ഓരോ നിമിഷവും ആസ്വദിച്ചുകൊണ്ടാണ് അവൻ ജീവിക്കുന്നത്. നിനുവയക്കാരെപ്പോലെ മൂന്നു ദിവസങ്ങൾ ഇതുപോലെ ഒരു നിയന്ത്രണം നമുക്ക് സാധിക്കുമോ? നിനുവയിൽ മനുഷ്യനും മൃഗങ്ങൾക്കും സാധിച്ചത് നമുക്കും ഈ ദിവസങ്ങളിൽ പരിശ്രമിക്കാം.

2. വെള്ളം കുടിക്കയും അരുത് (യോന 3:7)

മൃഗവും മനുഷ്യനും വെള്ളം കുടിക്കരുത് എന്ന കൽപ്പന അടിസ്ഥാന ആവശ്യത്തിന്റെ നിരസിക്കലാണ്. രാജാവിനെതിരെ പിറുപിറുപ്പോ പ്രതിഷേധമോ കൂടാതെ ജനം ഈ കൽപ്പനയും അനുസരിക്കുന്നു. വലിയവരും ചെറിയവരും ഒരുപോലെ ദൈവത്തെ അനുസരിച്ചു എന്നു പറയുമ്പോൾ കുഞ്ഞുങ്ങൾക്ക് മുലപ്പാൽപോലും നിഷേധിക്കപ്പെട്ടു എന്നാണ് മനസ്സിലാക്കുന്നത്. നോമ്പിൽ ഉപവാസത്തിന്റെ പ്രസക്തിയാണ് ഇതിലൂടെ വ്യക്തമാകുന്നത്. ഏദൻതോട്ടത്തിൽ ആദ്യമനുഷ്യൻ പാപം ചെയ്ത് അവന്റെ ആത്മീയ സൗന്ദര്യം നഷ്ടപ്പെടുത്തിയത് ഭക്ഷണപ്രിയം മൂലമാണ്. ഈ നോമ്പ് ദിവസങ്ങളിൽ നമുക്ക് നഷ്ടപ്പെട്ട ആത്മീയ സൗന്ദര്യം ഉപവാസത്തിലൂടെ വീണ്ടെടുക്കാൻ സാധിക്കണം.

3. ദൈവത്തോട് നിലവിളിക്കണം (യോന 3:8)

നിനുവയരോട് ഉണ്ടായ കോപം നിലവിളിയാൽ നീക്കിയല്ലോ എന്ന് വി. കുർബ്ബാനയ്ക്ക് മുമ്പ് ചൊല്ലാറുണ്ട്. എന്നാൽ ഈ നിലവിളി യഥാർത്ഥമായി ഇന്നു മനസ്സിൽ നിന്നു ഉണ്ടാകുന്നുണ്ടോ. ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ ദൈവത്തോട് നിലവിളിക്കുകയും എന്നാൽ സമാധാനം ഉണ്ടാകുമ്പോൾ നിലവിളി മറന്നു പോകുകയും ചെയ്യുന്നു. ഇവിടെ നിനുവയക്കാർ ഉച്ചത്തിൽ ദൈവത്തെ വിളിച്ചപേക്ഷിക്കണം എന്ന കൽപനയിലൂടെ സ്രഷ്ടാവായ ദൈവത്തെ പ്രീതിപ്പെടുത്തി ദൈവകരുണ ഇറക്കിക്കൊണ്ടു വരണം എന്നു ആവശ്യപ്പെടുന്നു. ഓരോ നിമിഷവും മനുഷ്യന്റെ നിലനിൽപ്പിനാവശ്യമായ ദൈവകരുണ ലഭിക്കുന്നത് നിലവിളിയിലൂടെയാണ്. മൂന്നു നോമ്പിൽ കുറിയേലായിസ്സോൻ ചൊല്ലി നാൽപത് കുമ്പിടുമ്പോൾ ദൈവകരുണ നമുക്കു ലഭിക്കുന്നു. പൗരസ്ത്യ പിതാക്കന്മാർ മൂന്നു നോമ്പിലും വലിയ നോമ്പിലും ആരാധന ഇത്തരത്തിൽ ക്രമീകരിച്ചിരിക്കുന്നത് തീർച്ചയായും ഈ അർത്ഥത്തിലാണ്.

4. ദുർമാർഗ്ഗവും സാഹസവും വിട്ട് മനംതിരിയണം

നിനുവയക്കാരോട് ദൈവത്തിനു ഉണ്ടായ കോപം ഇല്ലാതെയായി. അവരുടെ മേൽ വരുത്താനിരുന്ന അനർത്ഥത്തിൽ നിന്നു ദൈവം പിന്മാറി. അതിനു കാരണമായത് അവർക്കുണ്ടായ മാനസാന്തരമാണ്. ഓരോ വ്യക്തിയും തന്റെ ജീവിതത്തിലെ ദുർമാർഗ്ഗവും സാഹസവും തിരിച്ചറിഞ്ഞ് അതിൽ നിന്ന് പൂർണ്ണ മനസ്സോടെ ഒഴിവായി. ദൈവം ആഗ്രഹിച്ച മാനസാന്തരം അവർ കഷ്ടപ്പെട്ടു നേടിയെടുത്തു. യഥാർത്ഥത്തിൽ നോമ്പിൽ നാം നടത്താറുള്ള വി. കുമ്പസാരത്തിന്റെ പ്രസക്തിയും ഇതല്ലേ. ഓരോ വ്യക്തിയും ജീവിതത്തിലെ ദുർമാർഗ്ഗങ്ങളും സാഹസവും ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചു ശുദ്ധീകരിക്കപ്പെട്ട് മാനസാന്തരപ്പെടണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. നിനുവയിലെ രാജാവ് തന്റെ കൽപനയിലൂടെ ജനത്തിന്റെ ശുദ്ധീകരണം സാധ്യമാക്കി. ദൈവകോപം ഇല്ലാതെയാക്കി. ജനത്തെ രക്ഷിച്ചു. നമുക്കും ആസ്വാദനങ്ങൾ ഉപേക്ഷിച്ച്, ഉപവസിച്ച് ദൈവത്തോട് ഉച്ചത്തിൽ നിലവിളിച്ച് യഥാർത്ഥമായ മാനസാന്തരത്തിന്റെ അനുഭവത്തിലേക്ക് വരാൻ നോമ്പ് സഹായിക്കട്ടെ.

❑

വചനതീർത്ഥം

തിരുക്കുടുംബത്തിന്റെ മഹത്വം

(ദഹനയുടെ ശേഷം നാലാം ഞായറാഴ്ച)

(വി. മർക്കോസ് 6:1-6)

മായൽത്തോ പെരുന്നാൾ (വി. ലൂക്കോസ്. 2:22-40)

ഫാ. യോഹന്നാൻ കെ. (സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി, നാഗ്പ്പൂർ)

തിരുകുടുംബമാണ് ഇന്നത്തെ ചിന്തയ്ക്ക് വിഷയമായിട്ടുള്ളത്. ദനഹാ പെരുനാളിന്റെ ശേഷം നാലാം ഞായറാഴ്ചയും കർത്താവിന്റെ ദേവാലയപ്രവേശനത്തിന്റെ പെരുനാളും ഒരുമിച്ച് വന്നതിനാൽ നാം ഇന്ന് പഠനവിഷയമാക്കുന്നത് മായൽത്തോ പെരുനാളിന്റെ വേദഭാഗമാണ്. ദൈവം മനുഷ്യനായി ഈ ഭൂമിയിൽ അവതരിച്ചത് ഒരു സാധാരണ കുടുംബത്തിലാണ്. ഒരു ശിശുവായി തന്നെത്തന്നെ യേശു തന്റെ മാതാപിതാക്കൾക്ക് ഏൽപിച്ചുകൊടുക്കുന്നു. അവരുടെ ചിന്താധാരകളിലൂടെ നിയമത്തിന്റെ പാലനത്തിലൂടെ ദൈവത്തോടുള്ള ബന്ധം ഊട്ടിയുറപ്പിക്കുവാനായിട്ടായിരുന്നു യേശു ശ്രദ്ധിച്ചത് എന്ന് തുടർന്നുള്ള സുവിശേഷ വായനയിൽ നാം മനസ്സിലാക്കുന്നു (ലൂക്കോസ് 2:49-50). ദേവാലയത്തിൽ വച്ച് ഇസ്രായേലിന്റെ രക്ഷയെ കാത്തിരിക്കുന്ന രണ്ട് മഹത് വ്യക്തികളേയും നാം പരിചയപ്പെടുന്നു. പരിശുദ്ധാത്മ നിറവുള്ള ശിമയോൻ എന്ന വൃദ്ധനും, പ്രവാചകിയായ ഹന്നയും. ക്രിസ്തു എന്ന മൂലക്കല്ലിനോട് ചേർന്ന് തിരുകുടുംബത്തിന്റെ കണ്ണികൾ വലുതാവുകയാണ്. കുടുംബത്തിന്റെ ബന്ധങ്ങളുടെ വ്യാപ്തി വർദ്ധിക്കുകയാണ്. അതിനാലാണ് നാം വൃദ്ധദിനമായി ഇന്നത്തെ ദിവസം ആചരിക്കുന്നത്.

1. മതത്തിന്റെ നിയമങ്ങൾക്ക് വിധേയനാകുന്ന യേശു

ക്രിസ്തു ഒരു യഹൂദനായിരുന്നു. അതിനാൽത്തന്നെ യഹൂദമത നിയമങ്ങൾ ക്രിസ്തുവിനും ബാധകമാണ്. രക്ഷ യഹൂദരിൽ നിന്നാണ് വരുന്നത് (യോഹ. 4:22) എന്ന ക്രിസ്തു വചനം ഇവിടെ ഓർമ്മിക്കുക. യഹൂദ മതത്തിന്റെ ജീർണ്ണതകൾ മാറ്റുവാനായി ആ മതത്തിന്റെ നിയമങ്ങൾ അനുഷ്ഠിച്ചുകൊണ്ടാണ് തന്റെ ജീവിതം കൊണ്ട് ക്രിസ്തു ശ്രമിച്ചത്. എന്തിനെയാണോ പുനരുദ്ധരിക്കുവാനായി ഒരുങ്ങുന്നത് അതിന്റെ ഉള്ളിലേക്ക് ഇറങ്ങിച്ചെല്ലുവാൻ ക്രിസ്തു ശ്രദ്ധിക്കുന്നു. തന്റെ മാതാപിതാക്കളെ അതിന്റെ ഭാഗമാക്കുന്നു. റോമാ ഭരണാധികാരിയായിരുന്ന ഒക്ടേവിയൻ ചക്രവർത്തിയുടെ (അഗസ്തസ് കൈസർ) കല്പനപ്രകാരം കനേഷുമാരിക്ക് വിധേയമാകുന്ന യോസഫും മറിയവും. ശിശുവിനെ എട്ടാം നാളിൽ പരിഛേദനയ്ക്ക് വിധേയമാക്കുന്ന മാതാപിതാക്കൾ (2:21), ആദ്യജാതന്മാരെ ദൈവത്തിന് സമർപ്പിക്കണം (പുറപ്പാട് 13:2, 15) എന്ന നിയമം, ശിശുവിന് ജന്മം നൽകുന്ന സ്ത്രീ നാല്പാതാം ദിവസം ശുദ്ധീകരണ കർമ്മത്തിന് വിധേയമാകണം എന്ന നിയമം (ലേവ്യ 12:1-8) ഇവയെല്ലാം അവർ പാലിക്കുകയാണ്. പരിഛേദന ദിവസത്തിലാണ് യേശുവിന്റെ നാമകരണം നടന്നത്. ഇപ്പോൾ ദേവാലയ സമർപ്പണവും നടത്തുന്നു (പുറപ്പാട് 22:29). ദൈവപിതാവിന്റെ ഭവനത്തോട് ബന്ധിക്കപ്പെട്ടവനായതുകൊണ്ട് ദൈവാലയത്തിൽ യേശുവിനെ സമർപ്പിക്കുന്നു. ദൈവത്തിന് സമർപ്പിക്കപ്പെട്ട നാസറിക് ആയ ശമുവേലിന്റെ പാരമ്പര്യത്തിലാണ് ഇപ്പോൾ യേശു നിൽക്കുന്നത് (1 ശാമു. 1:28). മാതാപിതാക്കൾക്ക് ശിശുവിനെ തിരികെ ലഭിക്കുന്നത് അഞ്ചു ശേക്കൽ ദേവാലയത്തിൽ സമർപ്പിച്ചതിന് ശേഷമാണ് (സംഖ്യാ 18:15-16). ഈ വീണ്ടെടുപ്പിനെപ്പറ്റി ഇവിടെ സൂചനയില്ലാത്തത് യേശു പരിപൂർണ്ണമായി ദൈവത്തിന്റേതാണ് എന്ന് സമർത്ഥിക്കുവാനായിരിക്കാം.

കർത്താവിന്റെ ന്യായപ്രമാണത്തിൽ കൽപിച്ചിരിക്കുന്നതൊക്കെയും നിവർത്തിച്ചു (2:22-24, 27, 39) എന്നാണ് തിരുകുടുംബത്തേപ്പറ്റി ലൂക്കോസ് പറയുന്നത്. നിയമത്തിന് അതീതരായി പ്രവർത്തിക്കുന്നവരല്ല, മറിച്ച് നിയമത്തിന് വിധേയരായി പ്രവർത്തിച്ചവരാണ് അവർ. പുരാതനനായ ദൈവം മോശ വഴി താൻ തെരഞ്ഞെടുത്ത ഇസ്രായേൽ ജനതയ്ക്ക് നൽകിയ കല്പനകളാണ് അവർ അനുശാസിച്ചത്. അത് പാലിച്ചതുവഴി ദൈവത്തോടുള്ള അവരുടെ സുദൃഢബന്ധമാണ് കാണിക്കുന്നത്.

പ. സഭയുടെ നിയമങ്ങളും കല്പനകളും ആചരണങ്ങളും പാലിക്കുന്നതുവഴിയാണ് ഒരു വിശ്വാസി യഥാർത്ഥമായി സഭയോടും അതു വഴി ദൈവത്തോടും ബന്ധപ്പെടുന്നത്. ഇന്ന് പള്ളിയിൽ കയറാത്തവർ ആണ് പുരോഹിതരേയും ആചാരാനുഷ്ഠാനങ്ങളേയും പറ്റി കുറ്റം പറയുന്നത്. വി. കുർബ്ബാനയിൽ സംബന്ധിക്കാത്തവർ ആണ് അതിനെതിരെ സംസാരിക്കുന്നത്. ഓരോ വിശ്വാസിയും ദൈവത്തോടും സഭയോടും അതു വഴി കുടുംബത്തോടും, സമൂഹത്തോടും എല്ലാം എങ്ങനെ ബന്ധപ്പെടണമെന്നും വളരണമെന്നുമുള്ള നിയമം പ. സഭ അനുശാസിക്കുന്നുണ്ട്. അത് പാലിക്കുവാൻ നാം കടപ്പെട്ടവരാണ്. മാത്രമല്ല കുഞ്ഞുങ്ങളെ ദേവാലയവുമായി ബന്ധപ്പെടുത്തി വളർത്തുവാൻ ശ്രദ്ധിക്കണം.

2. ഒരു ശിശുവിൽ ലോകത്തിന്റെ രക്ഷയെ ദർശിച്ച ശിമയോനും ഹന്നയും

നീതിമാനും ദൈവഭക്തനും പരിശുദ്ധാത്മ നിറവുള്ളവനും, യഹൂദമതത്തിന്റെ കല്പനകളെ പാലിച്ചിരുന്നവനും, ഇസ്രായേലിന്റെ ആശ്വാസത്തിനായി കാത്തിരുന്നവനുമായ ശിമയോൻ എന്ന വ്യക്തിയാണ് ദേവാലയത്തിൽ വച്ച് യേശുവിനെ കൈകളിലെടുത്ത് ദൈവത്തെ പുകഴ്ത്തുന്നത്. ജനതകൾക്ക് പ്രകാശമാകുവാനുള്ള മശിഹാ തന്റെ കൈകളിലിരിക്കുന്ന ശിശുവാണ് എന്ന് ശിമയോന് ദൈവം വെളിപ്പെടുത്തുകയാണ്. യെശയ്യാ പ്രവചനം 42:6; 49:6; 52:10 എന്നീ വേദഭാഗങ്ങളാണ് ശിമയോൻ ശിശുവായ യേശുവിനെ കണ്ടപ്പോൾ ഉദ്ധരിക്കുന്നത്. ദൈവഹിതത്തിനനുസരിച്ച് ജീവിച്ച ഒരു വ്യക്തിക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ അനുഗ്രഹമാണ് ശിമയോന് ലഭിക്കുന്നത്. മശിഹായെ കണ്ട്, അവനെ കൈകളിലേന്തുക. അങ്ങനെ തന്റെ മരണത്തിന് മുമ്പ് ക്രിസ്തുവിനെ കാണുവാൻ ശിമയോന് സാധിച്ചു (ഉല്പത്തി 15:15, സംഖ്യ 20:29). ക്രിസ്തുവിലുള്ള രക്ഷയെ തന്റെ നയനങ്ങളാൽ ദർശിക്കുവാൻ വൃദ്ധനായ ആ ഭക്തന് കഴിഞ്ഞു (1:69, 71, 77, 19:9). മാത്രവുമല്ല ശിശുവിന്റെ മാതാപിതാക്കളെ അനുഗ്രഹിക്കുവാനും (2:34) മറിയത്തിന്റെ ഭാഗധേയം വെളിപ്പെടുത്തുവാനും (2:35) ശിമയോന് കഴിഞ്ഞു. അങ്ങനെ തന്റെ ജീവിതസാക്ഷാത്ക്കാരം പൂർത്തിയാക്കുവാൻ ദൈവം ശിമയോന് കൃപ നൽകുകയാണ്.

ആശേർ ഗോത്രത്തിലെ (ഉല്പത്തി 30:12-13, 35:26) ഒരു പ്രവാചകിയായ ഹന്ന എന്ന സ്ത്രീ തന്റെ ഭർത്താവിന്റെ മരണശേഷം ദൈവാലയത്തിൽത്തന്നെ കഴിഞ്ഞവളായിരുന്നു. യഹൂദമതത്തിന്റെ യഥാർത്ഥ അന്തഃസത്ത മനസ്സിലാക്കിയവരും, ഇസ്രായേലിന്റെ വീണ്ടെടുപ്പ് കാത്തിരുന്നവരും ഭക്തരുമായ ആളുകളോട് ഈ ശിശുവിനെപ്പറ്റി പ്രവാചകിയായ ഹന്ന സംസാരിക്കുകയാണ്. അങ്ങനെ വൃദ്ധയായ ആ സ്ത്രീ തന്റെ പ്രവചന ദൗത്യം നിറവേറ്റുകയാണ്. ഒരു വിധവയുടെ ഉത്കൃഷ്ട മാതൃക പ. പൗലോസ് ശ്ലീഹാ വിവരിക്കുന്നത് (1 തീമോ. 5:5) ഹന്നയോട് ബന്ധപ്പെട്ടായിരിക്കാം എന്ന അനുമാനമുണ്ട്. ക്രിസ്തുവിന്റെ ജനനത്തിൽ സാക്ഷികളല്ലാതിരുന്ന ഒരു കൂട്ടം ആളുകൾക്ക് ക്രിസ്തു ആരെന്ന് വെളിപ്പെടുത്തിക്കൊടുക്കുകയാണ് ഹന്ന എന്ന പ്രവാചകി. മാത്രമല്ല, യേശുവിന്റെ മാതാപിതാക്കൾക്ക് തങ്ങളുടെ ശിശു ആരെന്ന് ഒന്നു കൂടി വെളിപ്പെടുത്തി ദൈവത്തെ സ്തുതിക്കുന്നു. സുവിശേഷത്തിന്റെ ആരംഭത്തിൽത്തന്നെ പഴയനിയമത്തിൽ തീർത്തും, പരാമർശിക്കപ്പെടാത്ത ഹന്ന എന്ന വ്യക്തിയെ ലൂക്കോസ് പ്രവാചക ഗണത്തിൽപെടുത്തി അതിശ്രേഷ്ഠയാക്കുന്നു. യഥാർത്ഥ ദൈവഭക്തർക്ക് ലഭിക്കുന്ന മഹാഭാഗ്യമാണ് വൃദ്ധരായ ശിമയോനും ഹന്നയ്ക്കും ലഭിക്കുന്നത്.

ലൂക്കോസിന്റെ സുവിശേഷത്തിലെ ആദ്യ രണ്ട് അദ്ധ്യായങ്ങളിൽ നാം കാണുന്നത് പഴയനിയമത്തിലെ വ്യക്തികളെയാണ്. സഖറിയ, എലിസബത്ത്, ജോസഫ്, മറിയം, ശിമയോൻ, ഹന്ന, യോഹന്നാൻ എന്നിവരെ. യഹൂദമതം അനുശാസിക്കുന്ന എല്ലാ നിയമങ്ങളും പാലിച്ചവർ. അതിന് വിധേയമായി ജീവിച്ച കുടുംബങ്ങൾ, വ്യക്തികൾ. ഭക്തരായ ഈ മനുഷ്യർക്ക് ദൈവത്തെ ദർശിക്കുവാനും അനുഗ്രങ്ങൾ പ്രാപിക്കുവാനും സാധിച്ചു എന്നതിലുപരി ദൈവം ഇവരിലൂടെയാണ് തന്റെ രക്ഷാദൗത്യം വെളിപ്പെടുത്തിയത് എന്നതും ശ്രദ്ധേയമായ ഒരു വസ്തുതയാണ്. മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ എങ്ങനെ വളർത്തണമെന്നും വൃദ്ധരായവരെ എങ്ങനെ കരുതണമെന്നും ദൈവവുമായുള്ള ബന്ധം എങ്ങനെ ദൃഢപ്പെടുത്താമെന്നുമൊക്കെ ഇവർ നമുക്ക് കാണിച്ചു തരുന്നു. അതാണ് യേശുവിന്റെ ദേവാലയ സമർപ്പണത്തിന്റെ ഈ പെരുനാളിൽ നമുക്ക് ലഭിക്കുന്ന സദ് വാർത്ത. ❑

കണ്ടനാട് കർമ്മേൽ ദയറായിൽ കബറടങ്ങിയിരിക്കുന്ന സ്ലീബാദാസ സമൂഹ സ്ഥാപകനും മലബാർ ഭദ്രാസന പ്രഥമ മെത്രാപ്പോലീത്തായുമായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ 52-ാമത് ശ്രാദ്ധപ്പെരുനാളിനു അങ്കമാലി ഭദ്രാസനാധിപൻ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത കൊടികയറ്റുന്നു. ശെമവൂൻ റമ്പാൻ, ഫാ. കെ. റ്റി. ഏലിയാസ്, ഫാ. സോമു കെ. ശാമുവേൽ തുടങ്ങിയവർ സമീപം.

പുസ്തകം





സഭാതർക്ക കേസുകളുടെ പട്ടിക പരിശോധന നീട്ടി

ന്യൂഡൽഹി: യാക്കോബായ – ഓർത്തഡോക്സ് സഭാതർക്കവുമായി ബന്ധപ്പെട്ട് കേരളത്തിലെ വിവിധ കോടതികളിലുള്ള കേസുകളുടെ പട്ടിക പരിശോധിക്കുന്നത് സുപ്രീംകോടതി 2 ആഴ്ചത്തേക്കു മാറ്റി. ഓർത്തഡോക്സ് സഭ തയാറാക്കിയ പട്ടിക കൂടി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജസ്റ്റിസ് അരുൺ മിശ്ര അധ്യക്ഷനായ ബെഞ്ച് ഹൈക്കോടതി റജിസ്ട്രാറോടു നിർദേശിച്ചു.

എറണാകുളം കണ്ടനാട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ സെപ്റ്റംബർ 6-നു നൽകിയ ഉത്തരവിലാണ് റജിസ്ട്രാർ കേസുകളുടെ പട്ടിക നൽകണമെന്ന് കോടതി സ്വമേധയാ നിർദേശിച്ചത്. 183 കേസുകളുടെ പട്ടിക റജിസ്ട്രാർ നൽകി.

എന്നാൽ, അവയ്ക്കു പുറമേ 121 കേസുകൾ കൂടിയുണ്ടെന്ന് ഓർത്തഡോക്സ് സഭയ്ക്കു വേണ്ടി കൃഷ്ണൻ വേണുഗോപാലും ഇ. എം. സദ്രുൾ അനാമും വ്യക്തമാക്കി. കേസുകളുടെ സമഗ്ര പട്ടികയെക്കുറിച്ച് ഓർത്തഡോക്സ് സഭയും റിപ്പോർട്ട് നൽകണം. റിപ്പോർട്ടുകളുടെ പകർപ്പ് യാക്കോബായ സഭയ്ക്കും നൽകണം.

മലങ്കരസഭയ്ക്കു കീഴിലുള്ള പള്ളികളുടെ ഭരണം 1934-ലെ ഭരണഘടന പ്രകാരമെന്നു വ്യക്തമാക്കിയുള്ള വിധികൾ നടപ്പാക്കാത്തതിൽ കോടതിയലക്ഷ്യം ആരോപിച്ച് ഓർത്തഡോക്സ് സഭ നൽകിയ ഹർജി കോടതി അടുത്ത മാസം 24-ന് പരിഗണിക്കാൻ മാറ്റിയിരുന്നു.

അതിനുശേഷം കേസുകളുടെ പട്ടിക പരിഗണിച്ചാൽ മതിയെന്ന് യാക്കോബായ സഭയ്ക്കുവേണ്ടി അഡോൾഫ് മാത്യു വാദിച്ചു. എന്നാൽ, രണ്ടും വ്യത്യസ്തമായ കേസുകളാണെന്നു വ്യക്തമാക്കി ഈ വാദം കോടതി തള്ളി.

മലങ്കര ഓർത്തഡോക്സ് സഭയുടെ 2019 വർഷത്തെ സൺഡേ സ്കൂൾ പ്രതിഭകൾ

1. വാഗ്മി തിലകം: മാത്യു പി. ഇടയിൽ, സെന്റ് ജോർജ്, തുമ്പമൺ ഏറം (മാത്തൂർ)

2. ഗാനസുഗന്ധി: മെറിൻ മാത്യു, സെന്റ് ജോൺസ് ചെമ്മന്തൂർ , കെട്ടാരക്കര -പുനലൂർ

3. വേദവചനഭുഷൻ: ക്രിസ്റ്റി സാറാ തോമസ്, മാർ ഗ്രീഗോറിയോസ്, തുമ്പമൺ & ദിയ എൽസ വർഗീസ്, സെന്റ് ജോർജ്, കുഴിമറ്റം, കോട്ടയം

4. വിജ്ഞാനി: ആരോൺ ജോൺ ഫിലിപ്പോസ്, മാർ ബർസൗമ, വാഴമുട്ടം ഈസ്റ്റ്, തുമ്പമൺ

5. പ്രവീൺ: അമൽ ടോം പോൾ, മാർ ഗ്രീഗോറിയോസ്, ഞാലിയാകുഴി , കോട്ടയം

വടവുകോട് പള്ളിയിലും കുരിശടികളിലും സമാന്തര സർവ്വീസിന് വിലക്ക്

കൊച്ചി: വടവുകോട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലും കുരിശടികളിലും പാത്രിയർക്കീസ് വിഭാഗത്തിന്റെ സമാന്തര സർവ്വീസിന് വിലക്ക്. ക്രമസമാധാനം പരിപാലിക്കാൻ നവംബറിൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. സിവിൽ കോടതിയുടെ ഉത്തരവ് പ്രകാരം ഭരണം 1934 ഭരണഘടന അനുസരിച്ച് ആയിരിക്കണം. സഭാത്തർക്കത്തിൽ പൂർണ്ണ വ്യാപ്തിയിൽ പരമോന്നത കോടതി അന്തിമ പുറപ്പെടുവിച്ചെന്നും ഹൈക്കോടതി ഉത്തരവിൽ പറയുന്നു. സുപ്രീംകോടതി വിധിക്ക് അനുസ്രതമായി പോലീസ് സമാന്തര സർവീസ് ഇല്ലെന്ന് ഉറപ്പ് വരുത്തണമെന്ന് ജസ്റ്റിസ് എ മുഹമ്മദ് മുസ്താഗ് ഉത്തരവിൽ ചൂണ്ടിക്കാട്ടി.

കുന്നംകുളം കൺവൻഷൻ

പ. കാതോലിക്കാ ബാവാ കുന്നംകുളം കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു.

ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് കുന്നംകുളം കൺവൻഷൻ ഗ്രൗണ്ടിൽ കാതോലിക്കേറ്റ് പതാക ഉയർത്തുന്നു.

പഴഞ്ഞി സ്വദേശിയായ ഭിന്നശേഷിയുള്ള പത്താം ക്ലാസ്സ് വിദ്യാർത്ഥിയായ സിബിനെ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് കൺവൻഷൻ വേദിയിൽ വെച്ച് അനുഗ്രഹിച്ചാശീർവദിച്ചു. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രസക്തി സിബിൻ നിർമ്മിക്കുന്ന കടലാസ് പേനകളിലൂടെ തിരുമേനി ബോധിപ്പിച്ചു.

യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച പുസ്തകശാലയുടെ ഉദ്ഘാടനം മാർ യൂലിയോസ് നിർവഹിക്കുന്നു.

കോട്ടയം: മലങ്കര സഭാ തർക്കത്തിൽ വ്യക്തമായ കോടതി ഉത്തരവുകൾ ഉണ്ടായിട്ടും അത് അനുസരിക്കുകയില്ലായെന്ന് പാത്രിയർക്കീസ് വിഭാഗം ശാഠ്യം പിടിക്കുന്നത് ക്രിസ്തീയതയല്ലന്ന് മലങ്കര ഓർത്തഡോക്സ് സഭയുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്ത. സുപ്രീംകോടതി വിധിയുടെ അന്തഃസത്ത ഉൾക്കൊണ്ടു കൊണ്ട് ഉത്തരവ് നടപ്പാക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണെന്ന് കേരള ഹൈക്കോടതി സുവ്യക്തമാക്കിയിരിക്കുന്നു. ഇതിനെ ഓർത്തഡോക്സ് സഭ സ്വാഗതം ചെയ്യുന്നു.

കോടതി ഉത്തരവുകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന പാത്രിയർക്കീസ് വിഭാഗം നിയമവ്യവസ്ഥയെ വെല്ലുവിളിക്കുകയാണ്. മൃതസംസ്കാരവുമായി ബന്ധപ്പെട്ട് സർക്കാർ ഓർഡിനൻസ് ഇറക്കിയപ്പോൾ അതിനെ ഇരുകൈയും നീട്ടി സ്വീകരിച്ചവർ കോടതി ഉത്തരവുകൾ എന്തുകൊണ്ടാണ് മാനിക്കാത്തത്? കോടതികളിൽ നിന്ന് വിവിധ പള്ളികൾക്ക് പോലീസ് പ്രൊട്ടക്ഷൻ അനുവദിക്കുന്നു. എന്നാൽ അതൊന്നും പാത്രിയർക്കീസ് വിഭാഗം അംഗീകരിക്കാൻ തയ്യാറാകാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഉദ്യോഗസ്ഥർക്കെതിരെ കോടതി അലക്ഷ്യനടപടികളുമായി മുന്നോട്ട് പോകുമ്പോൾ മാത്രമാണ് അവർ കോടതി വിധികൾ നടപ്പാക്കാൻ തയ്യാറാകുന്നത്. ഇത് അപലപനീയമായ അവസ്ഥയാണെന്നും യൂഹാനോൻ മാർ ദിയസ്ക്കോറോസ് പറഞ്ഞു.

പോലീസ് പ്രൊട്ടക്ഷൻ ഉൾപ്പെടെ ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി കോടതി ഉത്തരവ് ലഭിച്ച ഓടക്കാലി സെന്റ് മേരീസ് പള്ളിയിൽ നിയമാനുസൃത വികാരിയുടെ കാർമ്മികത്വത്തിൽ ഓർത്തഡോക്സ് സഭാംഗത്തിന്റെ മൃതദേഹ സംസ്കാരം തടയുന്ന അവസ്ഥയാണുണ്ടായത്. ശവസംസ്കാരം നടത്തുന്നതിനായി പ്രത്യേക ഓർഡർ കോടതിയിൽ നിന്ന് കരസ്ഥമാക്കും വരെ നാല് ദിവസത്തോളം മൃതദേഹം വെച്ച് വിലപേശുന്ന അവസ്ഥയായിരുന്നു നിലനിന്നത്. ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായുള്ള കോടതി ഉത്തരവും മൃതദേഹ സംസ്കാരവുമായി ബന്ധപ്പെട്ട ഓർഡിനൻസും നിലനിൽക്കെ മൃതദേഹം സംസ്കരിക്കുന്നതിന് പ്രത്യേക കോടതി ഉത്തരവ് ആവശ്യമായി വന്നു എന്നത് ദൗർഭാഗ്യകരമാണെന്നും മാർ ദിയസ്ക്കോറോസ് കൂട്ടിച്ചേർത്തു.

കുവൈറ്റ് സെന്റ്. തോമസ് പഴയപള്ളിയുടെ ജീവകാരുണ്യ പദ്ധതികളുടെ ഉദ്ഘാടനം നടത്തി

പരുമല: ജീവകാരുണ്യ പ്രവർത്തന പാതയിൽ പതിറ്റാണ്ടുകൾ ആയി പ്രവർത്തിച്ചു വരുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഗൾഫ് മേഖലയിലെ പുരാതന ദേവാലയങ്ങളിൽ ഒന്നായ കുവൈറ്റ് സെന്റ്.തോമസ് ഇന്ത്യൻ ഓർത്തഡോക്സ് പഴയപള്ളിയുടെ 2019–2020 വർഷത്തെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഉദ്ഘാടനവും, മലങ്കര ഓർത്തഡോക്സ് സഭയുടെ വിധവാ പെൻഷൻ പദ്ധതിയിലേക്കുള്ള ഫണ്ട് സമർപ്പണവും, ഭവന നിർമ്മാണ പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിച്ച ഭവനങ്ങളുടെ താക്കോൽ ദാനവും, പുതിയ ഭവന നിർമ്മാണത്തിനുള്ള ധനസഹായ വിതരണവും മാർ ഗ്രീഗോറിയോസ് കാരുണ്യ സെന്റർ നിർമ്മാണ ഫണ്ടിലേക്കുള്ള ആദ്യ ഗഡു സമർപ്പണവും ജനുവരി 29–ന് പരുമല സെമിനാരിയിൽ വെച്ച് പ. കാതോലിക്കാ ബാവായുടെ അനുഗ്രഹത്തോടു കൂടി നടത്തപ്പെട്ടു.

സമ്മേളനം കൽക്കട്ട ഭദ്രാസന മെത്രാപ്പോലീത്ത ഡോ. ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ അധ്യക്ഷതയിൽ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു.

വൈദിക ട്രസ്റ്റി ഫാ. ഡോ. എം ഓ ജോൺ, മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, പരുമല ഹോസ്പിറ്റൽ CEO ഫാ. എം. സി. പൗലോസ്, പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ്, പഴയ പള്ളി മുൻ വികാരി ഫാ. ഏബ്രാഹാം പാറാമ്പുഴ, ഇടവക ട്രസ്റ്റി പോൾ വർഗീസ്, പ്രോജക്ട് കൺവീനർമാരായ നൈനാൻ ചെറിയാൻ, വർഗീസ് എബ്രഹാം, യുവജനപ്രസ്ഥാനം സെക്രട്ടറി മനു മോനച്ചൻ, മാനേജിങ് കമ്മിറ്റി അംഗങ്ങൾ, വൈദിക ശ്രേഷ്ഠർ, അൽമായ പ്രതിനിധികൾ, പഴയ പള്ളി ഇടവക അംഗങ്ങൾ, മുൻ ഇടവകഅംഗങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു.

പഴഞ്ഞി മാർ ബസേലിയോസ് എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് നിർവഹിക്കുന്നു.

മാർ ബസേലിയോസ് സ്കൂൾ പഴഞ്ഞി: പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം

പഴഞ്ഞി: സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന പഴഞ്ഞി മാർ ബസേലിയോസ് സ്കൂളിന്റെ പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനം ഡോ. ഗീവർഗീസ്സ് മാർ യൂലിയോസ് 2020 ജനുവരി 29–ന് നിർവ്വഹിച്ചു.

കാട്ടകാമ്പാൽ പഞ്ചായത്ത് പ്രസിഡന്റ് സി കെ. സദാനന്ദൻ മാസ്റ്റർ, ജില്ലാ പഞ്ചായത്ത് മെമ്പർ കെ. ജയശങ്കർ, സ്കൂൾ മാനേജർ ഫാ. ജോസഫ് ചെറുവത്തൂർ, സഹവികാരി ഫാ. ഗീവർഗീസ്സ് വർഗ്ഗീസ്, ട്രസ്റ്റി സുമേഷ് പി വിൽസൻ, വാർഡ് മെമ്പർ എ. വൈ. ഹമീദ്, ഹെഡ് മാസ്റ്റർ ജീബ്ലസ് ജോർജ്, പള്ളി സെക്രട്ടറി ലിജിൻ ചാക്കോ, പി.റ്റി.എ. പ്രസിഡന്റ് എ. സെഡ്. സക്കറിയ, ബിനു ടി ടിങ്കിൾ, ജയപ്രകാശ് എന്നിവർ പ്രസംഗിച്ചു. പള്ളി മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, പി.ടി.എ. ഭാരവാഹികൾ, പൂർവ്വവിദ്യാർത്ഥികൾ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവർ സംബന്ധിച്ചു

നിലയ്ക്കൽ ഭദ്രാസനം അഖില മലങ്കര പ്രാർത്ഥനയോഗത്തിന്റെ അഭിമുഖ്യത്തിൽ മൂന്നുനോമ്പിലെ 70 ഗാനങ്ങളുടെ സമാഹരണം ശേലോസോ എന്ന പേരിൽ ഒരു സിഡിയിൽ ആലേഖനം ചെയ്തത് പ. ബസേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവായുടെ ഓർമ്മപെരുന്നാൾ ദിനത്തിൽ ശാസ്താംകോട്ട ഹോറേബ് ആശ്രമത്തിലെ മാർ ഏലിയാ ചാപ്പലിൽ വച്ച് ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ഡോ. മാത്യൂസ് മാർ സേവേറിയോസിന് നൽകി പ്രകാശനം നിർവഹിക്കുന്നു.

യുവജന പ്രസ്ഥാനം യു.എ.ഇ. മേഖല പ്രവർത്തന ഉദ്ഘാടനം

ദുബായ്: ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം യു. എ. ഇ. മേഖലയുടെ 2020 വർഷത്തെ പ്രവർത്തന ഉദ്ഘാടനം ജനുവരി 24 വെള്ളി വൈകിട്ട് ജബൽ അലി സെന്റ് ഗ്രീഗോറിയോസ് ഇടവകയിൽ നടന്നു. യു. എ. ഇ. മേഖലാ പ്രസിഡന്റ് ഫാ. സിബു തോമസ്, അദ്ധ്യക്ഷത വഹിച്ചു. ലോക കേരള സഭ അംഗം എൻ. കെ. കുഞ്ഞുമുഹമ്മദ് സമ്മേളനം ഉദ്ഘാടനം ചെയ്തു. യു. എ. ഇ. മേഖലാ സെക്രട്ടറി ആന്റോ എബ്രഹാം 2020 വർഷത്തെ പ്രവർത്തന രൂപരേഖ അവതരിപ്പിച്ചു. സുനിൽ സി. ബേബി, ബിജു തങ്കച്ചൻ, റിനു തോമസ്, ബിനു എം. വർഗ്ഗീസ്, അഡ്വ. ജിനോ എം. കുര്യൻ, കുര്യൻ വർഗ്ഗീസ്, റോബിൻ ബാബു എന്നിവർ പ്രസംഗിച്ചു.

യോഗത്തിൽ ഭാരതത്തിന്റെ സൈനീകരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സൈനീക ഐക്യദാർഢ്യ പ്രതിജ്ഞയും ചെയ്തു. ഫാ. അനീഷ് ഐസക് മാത്യു, റ്റീജു സൈമൺ, ജിനു കോശി എന്നിവർ നേതൃത്വം നൽകി.



ബാംഗ്ലൂർ യൂണിവേഴ്സിറ്റിയിൽ നിന്നും M.Sc. സൈക്കോളജിയിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ വരിക്കോലി സെന്റ് മേരീസ് ഓർത്തഡോക്സ്ഇടവകാംഗം സുമൻ ഗ്രിഗറി തോമസ് പാലാക്കാട്ട്മാലാലിനെ ഇടവക വികാരി ഫാ വിജു ഏലിയാസ് അനുമോദിക്കുന്നു

CITU അഖിലേന്ത്യ കൗൺസിൽ അംഗമായി തെരഞ്ഞെടുക്കപ്പെട്ട അഡ്വ. റെജി സക്കറിയ.

തൃശൂർ മാന്ദാമംഗലം പള്ളിപെരുന്നാൾ

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ വെട്ടിത്തറ മാർ മീഖായേൽ പള്ളിയുടെ താഴെയുള്ള അബ്ദേദ് മിശിഹാ ചാപ്പലിന്റെ താക്കോൽ ജില്ലാ കോടതി ഉത്തരവ് പ്രകാരം വികാരി ഫാ. ജോൺസൺ ജില്ലാ കോടതിയിൽ നിന്നും ഏറ്റുവാങ്ങുന്നു.

പഴന്തോട്ടം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി പെരുന്നാളിന് ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട് മുഖ്യ കാർമ്മികത്വം വഹിച്ചു.

ഇടുക്കി ഭദ്രാസനത്തിൽപ്പെട്ട കുങ്കിരിപ്പെട്ടി സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ പ. പാമ്പാടി തിരുമേനിയുടെ തിരുശേഷിപ്പ് സ്ഥാപിക്കുവാനായി പാമ്പാടി ദയറായിൽ നിന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയ്ക്ക് ശേഷം കൊണ്ടുപോകുന്നു.

കോലഞ്ചേരി പള്ളിയിലെ കല്ലിട്ട പെരുന്നാളിന് വികാരി ഫാ. ജേക്കബ് കുര്യൻ കൊടി കയറ്റുന്നു. ജനുവരി 27, 28 തിയതികളിലാണ് കല്ലിട്ട പെരുന്നാൾ.

ശാസ്താംകോട്ട ഹോറേബ് തീർത്ഥാടനം

കോട്ടയം ചെറിയപള്ളിയിൽ രാജ്യത്തിന് വേണ്ടി പ്രാർത്ഥന നടത്തി

കോട്ടയം: രാഷ്ട്രം അതിന്റെ 71-ാം റിപ്പബ്ലിക്ക് ദിനം ആഘോഷിക്കുന്ന വേളയിൽ രാജ്യത്തിന്റെ ഐക്യത്തിനും, അഖണ്ഡതയ്ക്കും സമാധാനത്തിനും വേണ്ടിയും സഭയിൽ സമാധാനവും സഭാ മക്കൾക്ക് ഐശ്വര്യവും അഭിവൃദ്ധിയും ഉണ്ടാകുവാനും സഭാപിതാവായ പരിശുദ്ധ ബാവ തിരുമേനിയുടെ രോഗസൗഖ്യത്തിനു വേണ്ടിയും പ്രാർത്ഥന നടത്തി.

സോളമൻ ലൂക്കോസിന് വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പുരസ്കാരം

പോലീസിൽ വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ 2020-ലെ പുരസ്കാരം കേരള പോലീസ് തിരുവനന്തപുരം റീജിയനിൽ ഇപ്പോൾ ഡി.വൈ.എസ്.പി. ആയി സേവനം അനുഷ്ഠിക്കുന്ന സോളമൻ ലൂക്കോസിന് ലഭിച്ചിരിക്കുന്നു.

കേരള പോലീസ് കമാൻഡോ ടീം തണ്ടർബോൾട്ട് തലവനായിരുന്നു.

കൊല്ലം ഭദ്രാസനത്തിലെ പെരുമ്പുഴ സെൻറ് ജോൺസ് ദി ബാപ്റ്റിസ്റ്റ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.



മലങ്കരസഭാ തർക്കം: എന്താണ് സത്യം?
ഡെറിൻ രാജു

424 പേജ്. വില 300 രൂപ.

പരിമിതമായ കോപ്പികൾ മാത്രം.

Please Contact: Mobile/ WhatsApp 7012270083

News, Advertisements, Wishes Etc...
Contact 8078914931
9446407503
Email:malankaranewsbulletin@gmail.com
Add Size:15 cm x 10 cm Half Page Jpeg / tif file